"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്തുന്നതിന് വിജ്ഞാന കേരളം പരിപാടിയുമായി ബന്ധപ്പെട്ട് കുടുംബശ്രീ നടപ്പിലാക്കുന്ന ക്യാമ്പയിൻ - മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(കൈ) നം.112/2025/LSGD തീയതി,തിരുവനന്തപുരം, 03-07-2025

---

പരാമർശം:-
1. സ.ഉ.(കൈ) നം.84/2022/തസ്വഭവ; തീയതി 19.04.2022
2. സ.ഉ.(കൈ) നം.86/2022/തസ്വഭവ; തീയതി 19.04.2022
3. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
4. സ.ഉ.(കൈ) നം.3/2023/തസ്വഭവ; തീയതി 04.01.2023
5. സ.ഉ.(കൈ) നം.179/2024/തസ്വഭവ; തീയതി 19.12.2024
6. സ.ഉ.(സാധാ)നം.445/2025/തസ്വഭവ; തീയതി 12.02.2025
7. സ.ഉ.(സാധാ) നം.727/2025/തസ്വഭവ; തീയതി 19.03.2025
8. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 27.06.2025ലെ KSHO/1108/2025-MSKILLS നമ്പർ കത്ത്

**ഉത്തരവ്**

കേരളത്തിന്റെ സുസ്ഥിരമായ സാമ്പത്തിക വളർച്ച ഉറപ്പാക്കുന്നതിനായി സമ്പദ് വ്യവസ്ഥ വിജ്ഞാനാധിഷ്ഠിതമായി വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആവിഷ്കരിക്കുന്നത് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യ ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ടതാണ്. ഇതിന്റെ ഭാഗമായി അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് വിവിധ മേഖലകളിൽ തൊപദ്ധതിയുമായി ബന്ധപ്പെട്ട നൈപുണ്യവികസനത്തിന്റെ ഘടകം കൂടി തദ്ദേശസ്ഥാപനങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാണ്.ഴിലവസരങ്ങൾ ഉറപ്പാക്കുന്നതിന് എല്ലാ മേഖലകളിലും പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, ആവശ്യമുള്ള ഭൗതിക സൗകര്യങ്ങൾ സ്ഥാപിച്ച് തൊഴിൽ നൈപുണ്യപരിശീലനം നൽകുന്നതിനും, സാങ്കേതിക സഹായം ഉറപ്പാക്കുന്നതിനും, സംരംഭകത്വ വികസനത്തിന് പ്രോത്സാഹനം നൽകുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ പരാമർശം 1-3 മാർഗ്ഗരേഖകൾ പ്രകാരം നൽകിയിട്ടുള്ളതാണ്. പ്രാദേശിക സാമ്പത്തിക വികസനത്തിനായി തദ്ദേശ സ്ഥാപനങ്ങൾ കൈക്കൊള്ളേണ്ട നടപടി സംബന്ധിച്ച അധിക മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം 4 പ്രകാരവും നൽകിയിട്ടുണ്ട്.

2. കേരളത്തിലെ അഭ്യസ്തവിദ്യർക്ക് യോഗ്യതയ്ക്കും നൈപുണിക്കും അനുസൃതമായ തൊഴിലവസരങ്ങൾ സ്വകാര്യമേഖലയിലുൾപ്പടെ ലഭ്യമാക്കുകയെന്ന ദൗത്യവുമായി സർക്കാർ

നോളെജ് ഇക്കോണമി മിഷൻ രൂപീകരിച്ചിരുന്നു. കേരള നോളേജ് ഇക്കോണമി മിഷൻ നേരിട്ട് സംഘടിപ്പിക്കുന്ന സംവിധാനങ്ങൾ, പ്രാദേശിക സർക്കാരുകളുടെ നേതൃത്വത്തിൽ നടപ്പിൽ വരുത്തുന്ന കാര്യങ്ങൾ എന്നിങ്ങനെ പരസ്പര പൂരകമായി പ്രവർത്തിക്കുന്ന ഘടകങ്ങളുടെ സമന്വയത്തിലൂടെ തൊഴിൽ അന്വേഷകരെ തൊഴിലിലേക്ക് എത്തിക്കുന്ന രീതിയിൽ നോളേജ് മിഷൻ പ്രവർത്തനങ്ങൾ പുനരാവിഷ്കരിച്ചുകൊണ്ട് 'വിജ്ഞാന കേരളം' പരിപാടി ആരംഭിച്ചിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിലുള്ള വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകി ക്യാമ്പസ് പ്ലേസ്മെന്റ് വഴി അവരിൽ പഠനം പൂർത്തീകരിക്കുന്ന മുറക്ക് ജോലി നൽകൽ, പഠനം പൂർത്തിയാക്കി നിലവിൽ ജോലി ഇല്ലാത്ത തൊഴിലന്വേഷകർക്ക് തൊഴിൽ മേളകൾ വഴി ജോലി നൽകുന്നതിനുള്ള പരിപാടി എന്നീ പ്രധാന ലക്ഷ്യങ്ങളോടെയുള്ള വിജ്ഞാന കേരളം കർമ്മപരിപാടിയുടെ മാർഗ്ഗരേഖ, പരാമർശം 5 പ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിജ്ഞാന കേരളം പരിപാടിയുടെ ഭാഗമായി, പ്രാദേശിക സൂക്ഷ്മ തൊഴിൽ സംരംഭങ്ങളിലടക്കം ലഭ്യമായ തൊഴിലുകളിൽ അതാതു പ്രദേശത്തെ വീട്ടമ്മമാർക്ക് പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പരിപാടി ഏറ്റെടുത്തു നടത്തുന്നതിനുള്ള ചുമതല കുടുംബശ്രീയ്ക്ക് നൽകിയിട്ടുണ്ട്.

3. പരിമിതമായ ജീവിത സാഹചര്യങ്ങളാൽ ചിട്ടയായ രീതിയിൽ നൈപുണ്യ പരിശീലനം നേടാൻ പലപ്പോഴും സ്ത്രീകൾക്ക് സാധിക്കാത്ത സാഹചര്യമുണ്ട്. കൃത്യമായി പരിശീലനം ലഭ്യമാകാത്തതിനാൽ കുറഞ്ഞ വൈദഗ്ധ്യം ഉള്ള ഇവർക്ക് അസംഘടിത മേഖലയിലെ കുറഞ്ഞ തൊഴിലവസരം ആണ് പ്രാപ്യമായിട്ടുള്ളത്. കേരള ജനതയുടെ 20 നും 59 നും ഇടയിൽ പ്രായമുള്ളവരിൽ 53% ഉം സ്ത്രീകളാണ്. കേരളത്തിൽ 11.6 % സ്ത്രീകൾ തൊഴിൽ രഹിതരുമാണ്. അഭ്യസ്തവിദ്യരായ കേരളത്തിലെ സ്ത്രീകളിലെ തൊഴിൽ രഹിതർ ദേശീയ ശരാശരിയെക്കാൾ മൂന്ന് ഇരട്ടിയോളമാണ്. ഇത് പരിഹരിക്കുന്നതിനായി, സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്തി ഓരോ അയൽക്കൂട്ട കുടുംബങ്ങളുടേയും വരുമാനം വർദ്ധിപ്പിക്കുകയും പുത്തൻ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനുള്ള പ്രാപ്തി നൈപുണ്യ പരിശീലനത്തിലൂടെ കുടുംബശ്രീ കുടുംബങ്ങളിലെ തൊഴിൽ സന്നദ്ധരായവർക്ക് നൽകുന്നതിനും, ഓരോ സി.ഡി.എസ് പരിധിയിലും വിവിധ മേഖലയിലായി ലഭ്യമാക്കാൻ കഴിയുന്ന തൊഴിലുകൾ കണ്ടെത്തി അവ തൊഴിലന്വേഷകരുമായി ബന്ധപ്പെടുത്തുന്നതിനും ആവശ്യമെങ്കിൽ വിവിധ നൈപുണ്യ പരിശീലനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനുമായി, വിജ്ഞാന കേരളം പരിപാടിയുടെ ഭാഗമായി കുടുംബശ്രീ ഒരു ക്യാമ്പയിൻ ആസൂത്രണം ചെയ്തിട്ടുണ്ട്. 2025 ജൂലൈ മാസത്തിൽ ആരംഭിച്ച് സെപ്റ്റംബർ വരെ ഒന്നാംഘട്ട ക്യാമ്പയിനിലൂടെ ചുരുങ്ങിയത് 1 ലക്ഷം പേർക്ക് വേതനാധിഷ്ഠിത തൊഴിൽ ലഭ്യമാക്കാനാണ് ഇതുവഴി ലക്ഷ്യമിടുന്നത്.

4. വിജ്ഞാനകേരളം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ നടപ്പിലാക്കുന്ന ക്യാമ്പയിൻ പ്രവർത്തനങ്ങൾക്കുള്ള, അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവാകുന്നു. ആയതിൽ വിഭാവനം ചെയ്യുന്ന പ്രവർത്തനം സമയബന്ധിതമായി നടപ്പാക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളും അനുബന്ധ ഏജൻസികളും അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേ ശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. മെമ്പർ സെക്രെട്ടറി, കെഡിസ്ക്
12. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
18. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
19. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
20. ഡയറക്ടർ ജനറൽ, കില
21. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
24. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
25. തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 03-07-2025 13:04:08

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്

## വിജ്ഞാനകേരളം – കുടുംബശ്രീ തൊഴിൽ ക്യാമ്പയിൻ

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്തി ഓരോ അയൽക്കൂട്ട കുടുംബങ്ങളുടേയും വരുമാനം വർധിപ്പിക്കുകയും പുത്തൻ തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനുള്ള പ്രാപ്തി നൈപുണ്യ പരിശീലനത്തിലൂടെ കുടുംബശ്രീ കുടുംബങ്ങളിലെ തൊഴിൽ സന്നദ്ധരായവർക്ക് നൽകാനാണ് വിജ്ഞാന കേരളം ക്യാമ്പയിനിലൂടെ കുടുംബശ്രീ ലക്ഷ്യമിടുന്നത്. ഓരോ സി.ഡി.എസ് പരിധിയിലും വിവിധ മേഖലയിലായി ലഭ്യമാക്കാൻ കഴിയുന്ന തൊഴിലുകൾ കണ്ടെത്തുന്നതിനും ഇത്തരം തൊഴിലുകൾ തൊഴിലന്വേഷകരുമായി ബന്ധപ്പെടുത്തുന്നതിനും ആവശ്യമെങ്കിൽ വിവിധ നൈപുണ്യ പരിശീലനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും കുടുംബശ്രീ ഉദ്ദേശിക്കുന്നു. 2025 ജൂലൈ മാസത്തിൽ ആരംഭിച്ച് സെപ്റ്റംബർ മാസത്തോടെ ഒന്നാംഘട്ട ക്യാമ്പയിനിലൂടെ ചുരുങ്ങിയത് 1 ലക്ഷം പേർക്ക് വേതനാധിഷ്ഠിത തൊഴിൽ ലഭ്യമാക്കാനാണ് വിജ്ഞാനകേരളം പ്രസ്ഥാനത്തിന്റെ ഭാഗമായി കുടുംബശ്രീ തീരുമാനിച്ചിട്ടുള്ളത്.

### 1. വേതനാധിഷ്ഠിത തൊഴിൽ ഇന്ത്യൻ പശ്ചാത്തലം

2011 ലെ ജനസംഖ്യ കണക്കുപ്രകാരം ഇന്ത്യയിലെ ആകെ ജനസംഖ്യയിൽ 43 കോടി ആളുകൾ 15 നും 34 വയസിനും ഇടയിലുള്ള യുവജനങ്ങളാണെന്നും ആയതു 2021 വർഷമാകുമ്പോഴേക്കും 46.4 കോടി ആയി ഉയരുമെന്നും കൂടാതെ 2030 ആകുമ്പോഴേക്കും ഇന്ത്യൻ ജനസംഖ്യയുടെ പകുതിയും 28 വയസിനുതാഴെ ഉള്ളവരായിരിക്കുമെന്നും കണക്കാക്കിയിട്ടുണ്ട്. കൂടാതെ 2020 ആകുമ്പോൾ ഇന്ത്യയിൽ 5.6 കോടി യുവജങ്ങൾ സർപ്ലസ് ആകുമെന്നും സൂചിപ്പിച്ചിട്ടുണ്ട്. ഈ അവസരത്തിൽ ലോകത്തിന്റെ മറ്റ് ഭാഗങ്ങളിൽ 47 കോടി യുവജനങ്ങളുടെ അപര്യാപ്തത ഉള്ളതായും 2015 പുറത്തിറക്കിയ ഇന്ത്യ സ്കിൽ പോളിസിയിൽ പ്രതിപാദിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ ഉള്ളതും ഭാവിയിൽ വരാൻ സാധ്യതയുള്ളതുമായ തൊഴിലവസരങ്ങൾ മേഖല തിരിച്ച് കണ്ടെത്തേണ്ടതും നിലവിലെ യുവതലമുറയെ മേൽ പറഞ്ഞ സാധ്യതകൾ നേടിയെടുക്കുന്നതിന് പ്രാപ്തിയുള്ളവരാക്കി മാറ്റുന്നതിനുള്ള ബോധപൂർവമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടത് ഏറ്റവും മുൻഗണന നൽകേണ്ട വിഷയമാണ്.ഈ സാധ്യത കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പിലൂടെ പരമാവധി നേടിയെടുക്കാനും ലക്ഷ്യമിടുന്നു.

## 1.2 നൈപുണ്യപരമായി നാമെവിടെ നിൽക്കുന്നു

- ❖ സമ്പദ്വ്യവസ്ഥയ്ക്കാവശ്യമായ പരിശീലനം സിദ്ധിച്ച മാനവശേഷിയുടെ അപര്യാപ്തത.
- ❖ രാജ്യത്താകമാനമുള്ള തൊഴിലാളികളിൽ 10% മാത്രമാണ് ഏതെങ്കിലും തരത്തിലുള്ള പരിശീലനം സിദ്ധിച്ചിട്ടുള്ളത്.
- ❖ ചിട്ടയായ പരിശീലനം ലഭിച്ചിട്ടുള്ളത് – 2% ബാക്കി 8% ക്രമരഹിതമായ പരിശീലനം ലഭിച്ചവരാണ്.
- ❖ നൈപുണ്യ പരിശീലനത്തിൽ മുന്നിൽ നിൽക്കുന്ന രാജ്യങ്ങൾ – കൊറിയ – 96%, ജപ്പാൻ – 80%, ജർമ്മനി – 75%
- ❖ ചിട്ടയായ പരിശീലനം ലഭിക്കാത്തത് കാരണം 48% ഒഴിവുകളും നികത്താൻ പ്രയാസമാണ്.

## 2. കേരളം

ഇന്ത്യയിൽ മനുഷ്യവിഭവശേഷിയുടെ കാര്യത്തിൽ മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ ഈ മനുഷ്യവിഭവ ശേഷിയുടെ പരമാവധി വിനിയോഗം പല കാരണങ്ങളാൽ നമുക്ക് സാധ്യമായിട്ടില്ല. ഈ സ്ഥിതിയ്ക്ക് മാറ്റം വരുത്തണമെങ്കിൽ യുവജനതയുടെ കാര്യശേഷിയെ ഉന്നം വച്ചുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. കേരള ജനതയുടെ 57% 20 നും 59 നും ഇടയിൽ പ്രായമുള്ളവരാണ്. ഇതിൽ 53% സ്ത്രീകളാണ്. മാത്രമല്ല തൊഴിൽ രഹിതരുടെ കണക്കു നോക്കുകയാണെങ്കിൽ ഇന്ത്യയിൽ 15 വയസ്സിന് മുകളിൽ പ്രായമുള്ളവരിൽ 3.2 % പുരുഷന്മാരും 3.2 % സ്ത്രീകളും തൊഴിൽരഹിതരായിരിക്കെ, കേരളത്തിൽ 4.4 % പുരുഷന്മാരും 11.6 % സ്ത്രീകളും തൊഴിൽ രഹിതരാണ്. കേരളാ എക്കണോമിക് റിവ്യൂ 2024 പ്രകാരമുള്ള കണക്കിൽ സൂചിപ്പിക്കുന്നത് അഭ്യസ്തവിദ്യരായ കേരളത്തിലെ സ്ത്രീകളിൽ തൊഴിൽ രഹിതർ ദേശീയ ശരാശരിയെക്കാൾ മൂന്ന് ഇരട്ടിയോളമെന്നാണ്. ഡെമോഗ്രാഫിക് ഡിവിഡൻഡ് ആനുകൂല്യം പരമാവധി ഉപയോഗപ്പെടുത്തിയും നിലവിലെ യുവതലമുറയുടെ നൈപുണ്യത്തിൻറെ തോത് മനസ്സിലാക്കിയുമായിരിക്കണം നൈപുണ്യ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടത്.

ഇത്തരത്തിൽ അഭ്യസ്ഥവിദ്യരായ യുവതീയുവാക്കൾക്ക് അവരവരുടെ കഴിവിനും, വിദ്യാഭ്യാസ യോഗ്യതയ്ക്കും, അഭിരുചിക്കും, പ്രവൃത്തിപരിചയത്തിൻറെയും അടിസ്ഥാനത്തിൽ അനുയോജ്യമായ നൈപുണ്യ പരിശീലനങ്ങളാണ് നൽകേണ്ടത്.

നൈപുണ്യ പരിശീലനവും തൊഴിലും വ്യവസ്ഥാപിത രീതിയിൽ നൽകുന്നതിലൂടെ തൊഴിലിടങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കുന്നതിനും തൊഴിലിടങ്ങൾ തൊഴിലാളി സൗഹൃദം ആക്കി മാറ്റുന്നതിനും സാധിക്കുന്നതാണ്.

രാജ്യത്തെ മികച്ച മനുഷ്യശേഷി സൂചകങ്ങൾ കൈവരിച്ച സംസ്ഥാനമായിട്ടുള്ളപ്പോഴും സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഇന്ത്യയിലെ ഏറ്റവും കുറവായ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. നിലവിൽ കേരളത്തിൻറെ തൊഴിൽ പങ്കാളിത്ത ശതമാനം 33.4% ആണ്. കുടുംബശ്രീയും മറ്റു അനുബന്ധ ഏജൻസികളും മൈക്രോ സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ സ്വയംതൊഴിൽ മേഖലക്ക് വലിയ പ്രോത്സാഹനമാണ് നൽകിവരുന്നത്. എന്നാൽ സ്വയം തൊഴിൽ മേഖല എന്ന ഉപജീവന മാതൃകക്ക് നൽകിവരുന്ന അതേ പ്രാധാന്യത്തോടെ വേതനധിഷ്ഠിത തൊഴിൽ സാധ്യതകളെ കുടുംബശ്രീ കൃത്യമായി ഉപയോഗിച്ചിട്ടില്ല, ഡി.ഡി.യു.ജി.കെ.വൈ പോലുള്ള കുറച്ച് പദ്ധതികൾ ഒഴികെ.

സുസ്ഥിരമായ സാമ്പത്തിക വികസനത്തിന് സ്വയം തൊഴിൽ മേഖലയുടെ വികസനത്തിനും, വേതനാധിഷ്ഠിത തൊഴിൽ മേഖലകളുടെ വികസനത്തിനും ഒരുപോലെ പ്രാധാന്യം നൽകേണ്ടതാണ്, ഒരു മേഖലയെ മാത്രം ഉൾകൊണ്ടുകൊണ്ടുള്ള വികസനം അപൂർണ്ണമാണ്. ശരിയായ തൊഴിൽ പദവി ഉറപ്പാക്കിയും, തൊഴിലിന് അംഗീകാരം നൽകിയും , അർഹമായ വേതനം ലഭ്യമാക്കിയും, അനുകൂലമായ സാമൂഹിക പശ്ചാത്തലം സൃഷ്ടിച്ചും കുടുംബശ്രീയുടെ ക്രിയാത്മകമായ ഇടപെടലിലൂടെ സ്ത്രീകൾക്കായി കൂടുതൽ വേതനാധിഷ്ഠിത തൊഴിൽ സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്. വേതനാധിഷ്ഠിത തൊഴിൽ മേഖലയ്ക്ക് പ്രാധാന്യം നൽകി കുടുംബശ്രീ മറ്റു ഏജൻസികളുമായി സംയോചിച്ച് വിജയകരമായി തൊഴിൽ ലഭ്യമാക്കിയ, ഹരിത കർമസേന, കൊച്ചിൻ മെട്രോ, കാറ്ററിംഗ്, കഫേ കുടുംബശ്രീ, ഐ.ടി മേഖല തുടങ്ങിയവയും , തൊഴിലുറപ്പ് പദ്ധതിയിൽ സ്ത്രീ പങ്കാളിത്തം കൂടിയതും കുടുംബശ്രീയുടെ ഫലപ്രദമായ ഇടപെടലിലൂടെയാണ്. ഈ അനുഭവങ്ങളും സാധ്യതകളും പ്രയോജനപ്പെടുത്തി കുടുംബശ്രീയുടെ നേതൃത്വത്തിൽ മറ്റു സേവന മേഖലകളിലെ തൊഴിൽ സാധ്യതകൾ  പരമാവധി ഉപയോഗപ്പെടുത്താനാണ് ശ്രമിക്കുന്നത്.

## 2.1 തൊഴിൽ മേഖലയും സ്ത്രീകളും

നിലവിലെ സാമൂഹിക വ്യവസ്ഥ, കുടുംബത്തിലെ ചുമതലകൾ, ജോലിതേടി മറ്റു പ്രദേശങ്ങളിലേക്ക് പോകുന്നതിലെ പ്രായോഗിക ബുദ്ധിമുട്ടുകൾ, പ്രസവം പോലുള്ള പ്രധാന കാരണങ്ങൾ കൊണ്ട് ജോലിയിൽ തുടരാൻ കഴിയാത്തതും, ഒഴിവാക്കപ്പെടുന്നതും, വീണ്ടും ജോലി കണ്ടെത്താൻ ബുദ്ധിമുട്ടുന്നതും, നൈപുണ്യ പരിശീലനത്തിൽ പങ്കെടുക്കാൻ സാധിക്കാത്തതും സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം കുറയുന്നതിന്റെ വിവിധ കാരണങ്ങളാണ്. പരിമിതമായ ജീവിത സാഹചര്യങ്ങൾ ചിട്ടയായ രീതിയിൽ നൈപുണ്യ പരിശീലനം നേടാൻ പലപ്പോഴും സ്ത്രീകൾക്ക് സാധിക്കാറില്ല ആയതിനാൽ കൂടുതൽ പേരും അസംഘടിത മേഖലയിലാണ് തൊഴിൽ ചെയ്യുന്നത്. കൃത്യമായി പരിശീലനം ലഭ്യമാകാത്തതിനാൽ ഇവർ കുറഞ്ഞ വൈദഗ്ദ്യം ഉള്ളവരും കുറഞ്ഞ തൊഴിലവസരം ഉള്ളവരും ആണ്. കൂടാതെ കുറഞ്ഞ വൈദഗ്ദ്യം ഗ്രാമീണ മേഖലയിലെ തൊഴിൽ തേടി പോകുന്നതിനുള്ള കഴിവ് കുറയ്ക്കുകയും ചെയ്യുന്നു . അസംഘടിത മേഖലയിലെ ഒറ്റപ്പെട്ട തൊഴിലിടങ്ങൾ പലപ്പോഴും ചൂഷണങ്ങൾക്കുള്ള സാദ്ധ്യത വർധിപ്പിക്കുന്നു

- ❖ തൊഴിൽപരമായ പരിശീലനം സിദ്ധിക്കുന്നതിൽ സ്ത്രീകൾ നേരിടുന്ന ലിംഗവിവേചനം.
- ❖ അനൗദ്യോഗിക മേഖലകളിലാണ് ഭൂരിഭാഗം തൊഴിലവസരങ്ങൾ നിലവിലുള്ളത്.
- ❖ നിലവിലുള്ള പരിശീലനങ്ങളും ബന്ധപ്പെട്ട ഇടപെടലുകളും പ്രസ്തുത മേഖലയെ ലക്ഷ്യം വച്ചുള്ളതല്ല.
- ❖ തൊഴിൽ നൈപുണ്യം നേടുന്നതിന് ഗ്രാമപ്രദേശങ്ങളിൽ ചുരുക്കം പരിശീലന സ്ഥാപനങ്ങൾ മാത്രമേയുള്ളൂ.
- ❖ നഗരപ്രദേശങ്ങളിലുള്ള പരിശീലന പരിപാടികളിൽ പങ്കെടുക്കുവാൻ ഗ്രാമീണ വിദ്യാർത്ഥിക്ക് കൂടുതൽ പണം ചെലവഴിക്കേണ്ടതായി വരുന്നു.
- ❖ നഗരപ്രദേശങ്ങളിൽ നടത്തുന്ന വ്യവസായ പരിശീലനങ്ങൾ ഗ്രാമീണ യുവതയ്ക്ക് നഷ്ടമാകുന്നു.
- ❖ താഴ്ന്ന വിദ്യാഭ്യാസ നിലവാരം, വിദ്യാഭ്യാസം പാതിവഴിയിൽ ഉപേക്ഷിക്കൽ – താഴ്ന്ന നൈപുണ്യമുള്ള തൊഴിലാളികളെ സൃഷ്ടിക്കുന്നു.
- ❖ നൈപുണ്യ വികസനത്തിലേയ്ക്ക് നയിക്കുന്ന ശരിയായ മാർഗ്ഗ നിർദ്ദേശത്തിന്റേയും കൗൺസിലിംഗിന്റേയും അപര്യാപ്തത.

### 2.2 വളരുന്ന തൊഴിൽ മേഖല നിലവിലെ അവസ്ഥ

കേരളത്തിലെ തൊഴിലവസര രംഗം ഇപ്പോൾ ഗതാഗതം, ടെക്നോളജി, ആരോഗ്യം, പരിസ്ഥിതി, സാമൂഹിക സേവനം, കൃഷി, വിനോദസഞ്ചാരം, തുടങ്ങിയ വിവിധ മേഖലകളിലായി വിപുലമായ രീതിയിൽ വികസിച്ചുവരുന്നു. പുതുതായി ആരംഭിക്കുന്ന ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതികളും ഇൻഡസ്ട്രിയൽ പാർക്കുകളും ഉൾപ്പെടെ വിവിധ മേഖലകളിൽ സർക്കാർ/സ്വകാര്യ സംരംഭങ്ങൾ തൊഴിൽ സാധ്യതകൾ വർധിപ്പിക്കുകയാണ്. ഐ.ടി. പാർക്കുകളും സ്റ്റാർട്ടപ്പ് ഹബ്ബുകളും തൊഴിൽ മാർക്കറ്റിൽ പുതിയ സാധ്യതകൾ സൃഷ്ടിക്കുന്നു.ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴിയുള്ള തൊഴിൽ അന്വേഷണവും വർക്ക്ഫ്രം ഹോം പോലുള്ള ആധുനിക തൊഴിൽ മാതൃകകളും പ്രത്യേകിച്ചും യുവതീയുവാക്കൾക്കും സ്ത്രീകൾക്കും പ്രാദേശികതയെ അടിസ്ഥാനമാക്കിയുള്ള തൊഴിൽ ലഭ്യതയ്ക്കുള്ള സാധ്യത വർധിപ്പിക്കുന്നു. മൊത്തത്തിൽ, കേരളം കൂടുതൽ മനുഷ്യ വിഭവ സ്വീകരണ ശേഷി ഉള്ളതും വിപുലവുമായ തൊഴിൽ വളർച്ചയുള്ളതുമായ സംസ്ഥാനമായി അതിവേഗം മാറിക്കൊണ്ടിരിക്കുകയാണ്.

### 2.3 തൊഴിലുടമകൾ നേരിടുന്ന പ്രധാന വെല്ലുവിളികൾ.

തൊഴിലുടമകൾ പലപ്പോഴും പ്രാദേശികമായി അർഹരും, വിശ്വസനീയരുമായ ജീവനക്കാരെ കണ്ടെത്തുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള നൈപുണ്യവും പ്രായോഗിക പരിചയവും ഉള്ള ഉദ്യോഗാർത്ഥികളെ കണ്ടെത്തുന്നത് കൂടുതൽ ദുഷ്കരമായി മാറിയിരിക്കുകയാണ്. സ്ഥാപനങ്ങളിൽ ഉണ്ടാകാവുന്ന ഒഴിവുകളിലേക്കായി നിശ്ചിത മാനദണ്ഡ പ്രകാരം നൈപുണ്യമുള്ളവരെ പലപ്പോഴും ലഭിക്കാതെ വരുന്നതിനാൽ പല ഒഴിവുകളും നികത്താൻ കഴിയാതെവരുന്നു. സ്ഥാപനങ്ങൾ നിശ്ചിത സമയത്ത് സ്ഥാപിത ലക്ഷ്യങ്ങൾ നേടാൻ ശ്രമിക്കുമ്പോൾ, ജീവനക്കാരുടെ തൊഴിലിനോടുള്ള മനോഭാവം, തൊഴിൽ കാര്യക്ഷമത, അത്യാവശ്യ സമയങ്ങളിൽ പ്രവർത്തിക്കാൻ തയ്യാറാകാത്തത് തുടങ്ങിയ ഘടകങ്ങളാണ് പ്രശ്നങ്ങളായി കാണുന്നത്. നിർണായകമാണ്. അതിനാൽ, സ്ഥാപനങ്ങൾക്കും വ്യവസായികൾക്കും വേണ്ടത് തൊഴിൽ നൈപുണ്യവും അതിജീവനശേഷിയുമുള്ള, താൽപര്യത്തോടെ ജോലി ചെയ്യാൻ തയ്യാറായ, വിശ്വാസയോഗ്യരായ, പ്രാദേശിക ജീവനക്കാരെയാണ്. എന്നാൽ അതുപോലുള്ള ജീവനക്കാരെ കണ്ടെത്താൻ ഇപ്പോഴത്തെ തൊഴിൽ അന്വേഷണ സംവിധാനങ്ങൾ

ഇനിയും സജ്ജമാക്കിയിട്ടില്ല എന്നതാണ് തൊഴിൽ ദാതാക്കൾ നേരിടുന്ന പ്രധാന വെല്ലുവിളി.

**3. വിജ്ഞാന കേരളം ജനകീയ കാമ്പയിനും കുടുംബശ്രീയും**

വിജ്ഞാന കേരളം പ്രധാനമായും 4 ക്യാമ്പയിൻ ആശയങ്ങളാണ് മുന്നോട്ടുവയ്ക്കുന്നത് (1) ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിദ്യാർത്ഥികൾക്ക് നൈപുണ്യ പരിശീലനം നൽകി ക്യാമ്പസ് പ്ലേസ്മെൻറ് വഴി അവരിൽ പഠനം പൂർത്തിത്തീകരിക്കുന്ന മുറക്ക് ജോലി നൽകുന്നതിനുള്ള ക്യാമ്പയിൻ (2) പഠനം പൂർത്തിയാക്കി നിലവിൽ ജോലി ഇല്ലാത്ത തൊഴിലന്വേഷകർക്ക് തൊഴിൽ മേളകൾ വഴി ജോലി നൽകുന്നതിനുള്ള പരിപാടി. (3) പ്രാദേശിക സൂക്ഷ്മ തൊഴിൽ സംരംഭങ്ങളിലടക്കം ലഭ്യമായ തൊഴിലുകളിൽ അതാതു പ്രദേശത്തെ വീട്ടമ്മമാർക്ക് പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പരിപാടി. (4) വിദേശ ജോലികൾക്കായുള്ള റിക്രൂട്ട്മെൻറ് ഡ്രൈവുകൾ.

ഇതിൽ പ്രാദേശിക സൂക്ഷ്മ തൊഴിൽ സംരംഭങ്ങളിലടക്കം ലഭ്യമായ തൊഴിലുകളിൽ അതാതു പ്രദേശത്തെ വീട്ടമ്മമാർക്ക് പരിശീലനം നൽകി തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പരിപാടി ഏറ്റെടുത്തു നടത്തുന്നതിനുള്ള ചുമതല കുടുംബശ്രീക്കാണ്. കുടുംബശ്രീക്ക് സമാന വേതനധിഷ്ഠിത പദ്ധതികൾ നടപ്പിലാക്കിയ മുൻപരിചയം , വിവിധ കാമ്പയിനുകൾ സമയബന്ധിതമായി പൂർത്തിത്തീകരിച്ച അനുഭവം എന്നിവ ഈ ക്യാമ്പയിനിൻറെ കാര്യക്ഷമമായ നടത്തിപ്പിന് കുടുംബശ്രീയെ സഹായിക്കും.

**4. സൂക്ഷ്മ ചെറുകിട ഇടത്തരം തൊഴിൽ സംരംഭങ്ങൾ**

ഗ്രാമീണ ടൂറിസവുമായി ബന്ധപ്പെട്ടു പുതിയ പുതിയ ഡെസ്റ്റിനേഷനുകൾ കേരളത്തിൽ ഉണ്ടായിവരികയാണ് ഇതുമായി ബന്ധപ്പെട്ട മേഖലയിലെ തൊഴിലവസരങ്ങളും വർദ്ധിച്ചു വരുന്നുണ്ട്. പുതിയ റിസോർട്ടുകൾ , ഹോട്ടലുകൾ , യാത്ര സൗകര്യങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് വികസിക്കുന്ന അനുബന്ധ മേഖലകളാണ്. ഇത്തരം തൊഴിലവസരങ്ങൾ കണ്ടെത്തുന്നതിനും, തൊഴിൽദാതാക്കളുടെ നിർദ്ദേശപ്രകാരം ആവശ്യമായ നൈപുണ്യ പരിശീലനം നൽകി സമയബന്ധിതമായി നിയമിക്കാവുന്നതുമാണ്. വ്യവസായ വകുപ്പിൻറെ കണക്കുകൾ പ്രകാരം സംരംഭക വർഷത്തിൽ 3.50 ലക്ഷം സംരംഭങ്ങളാണ് കേരളത്തിൽ രജിസ്റ്റർ ചെയ്തത്. 7.50 ലക്ഷം പേരാണ് ഈ സംരംഭങ്ങളിൽ തൊഴിലെടുക്കുന്നത്. അതിവേഗം വളരുന്ന മറ്റൊരു മേഖലയാണ് സംഘടിത വാണിജ്യ മേഖല വലിയ സംഘം വിപണ തൊഴിലാളികളെ

ഓരോ ഹൈപ്പർ മാർക്കറ്റുകളിലും, മാളുകളിലും ആവശ്യമായി വരുന്നുണ്ട്. ഭാഷ നൈപുണി, കസ്റ്റമർ കെയർ , ഉൽപ്പന്നങ്ങൾ അവതരിപ്പിക്കേണ്ട രീതി എന്നിവ ഉൾക്കൊള്ളിച്ച് ഒരു ലഘു കോഴ്സ് തയ്യാറാക്കി തൊഴിലന്വേഷകർക്ക് പ്രാദേശികമായി പരിശീലനം നൽകുവാനും ഒഴിവുകൾ നികത്തുവാനും കഴിയും. ഇതുപോലെ വളർന്നുവരുന്ന ഓരോ മേഖലയിലെയും തൊഴിലവസരങ്ങൾ മനസ്സിലാക്കി ആവശ്യമായ നൈപുണ്യം പ്രാദേശികമായി നൽകാവുന്നതാണ്. ഇതിലൂടെ വലിയൊരു വിഭാഗം സ്ത്രീകൾക്ക് തൊഴിൽ നൽകാൻ സാധിക്കും.

കിടപ്പുരോഗികൾ, മുതിർന്ന പൗരൻ തുടങ്ങി പ്രത്യേക പരിചരണ സഹായം ആവശ്യമുള്ളവർക്ക് വീട്ടിലും ആശുപത്രികളിലും സഹായം നൽകുന്നതിനുള്ള വീട്ടിൽ പരിചരണം നൽകുന്നതിനുള്ള കെയർ ഗിവേഴ്സിനെ കണ്ടെത്തി പരിശീലനം നൽകി വീട്ടുകാർക്ക് നൽകുന്ന കെ ഫോർ കെയർ എന്ന പദ്ധതി കുടുംബശ്രീ ഇതിനോടകം ഏറ്റെടുത്ത് നാലാപ്പിലാക്കുന്ന പദ്ധതിയാണ്. ദിവസം മുഴുവൻ നൽകുന്ന സേവനത്തോടൊപ്പം ദിവസവും ഒന്നോ രണ്ടോ മണിക്കൂർ വീതമോ, പകൽ മാത്രമോ , ആവശ്യം അനുസരിച്ചോ ഇത്തരം സേവനങ്ങൾ ലഭ്യമാക്കാനാകണം. ഇത്തരം സേവനങ്ങൾ ആവശ്യമുള്ള വീട്ടുകാരെ കണ്ടെത്തുന്നതിനുള്ള പ്രേത്യേക ഡ്രൈവ് നടത്തുകയും കിടപ്പുരോഗികൾക്ക് പ്രത്യേകം കസ്റ്റമൈസ് ചെയ്ത പരിചരണ പരിശീലനം കെയർ ഗിവേഴ്സിന് നൽകുകയും വേണം.

കുടുംബശ്രീ ഇതിനകം ഏർപ്പെട്ടു കഴിഞ്ഞിട്ടുള്ള മറ്റൊരു സേവനമാണ് മൾട്ടി ടാസ്ക് സർവീസ് ടീം . എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലും പ്ലംബിംഗ് , റിപ്പയറിംഗ്, ഇലക്ട്രിക്, പെയിൻറിംഗ് , ഗാർഡനിംഗ് , ക്ലീനിംഗ് തുടങ്ങിയ എല്ലാവിധ ജോലികളും ചെയ്യാൻ തയ്യാറുള്ള ഒരു ടീമിന് രൂപം നൽകുകയും ഡിജിറ്റൽ സംവിധാനത്തിലൂടെ ആവശ്യക്കാർക്ക് സേവനം എത്രയും പെട്ടന്ന് എത്തിച്ച് കൊടുക്കാൻ കഴിയുന്നതുമാണ്. ഇത്തരത്തിലുള്ള മുഴുവൻ അവസരങ്ങളെയും കൂട്ടിയിണക്കി കൊണ്ടുള്ള ബൃഹത്തായ ഒരു തൊഴിൽ ലഭ്യമാക്കൽ പരിപാടിക്കാണ് കുടുംബശ്രീ പദ്ധതിയിട്ടിരിക്കുന്നത്.

**5. വളർന്നുവരുന്ന തൊഴിൽ മേഖലകളും വിവിധ തൊഴിലവസരങ്ങളും**

തൊഴിൽ സാധ്യത ഉള്ള മേഖലകൾ അവലോകനം ചെയ്ത് നോക്കിയാൽ വളർന്നുവരുന്ന തൊഴിൽ സാധ്യതകളും പ്രാദേശിക തൊഴിൽ സാധ്യതകളുടെ അനിവാര്യതയും ബോധ്യപ്പെടാവുന്നതാണ്.

### 5.1 ഐ.ടി. & ഡിജിറ്റൽ സേവനങ്ങൾ

വളർന്നുവരുന്ന മേഖലകൾ : എ.ഐ., ഡാറ്റാ അനാലിറ്റിക്സ്, സൈബർസെക്യൂരിറ്റി, ക്ലൗഡ് കമ്പ്യൂട്ടിംഗ്, ബ്ലോക്ക്ചെയിൻ.

വളർച്ചയെ പ്രേരിപ്പിക്കുന്നത്: ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർപാർക്ക്, സ്റ്റാർട്ടപ്പുകൾ, വർക്ക് ഫ്രം ഹോം & വർക്ക് നേര് ബൈ ഹോം .

തൊഴിൽ അവസരങ്ങൾ: ഫുൾസ്റ്റാക്ക് ഡെവലപ്പർമാർ, ഡാറ്റാ അനാലിസ്റ്റുകൾ, യു.ഐ/യു.എക്സ് ഡിസൈനർമാർ, ഡിജിറ്റൽ മാർക്കറ്റിങ് വിദഗ്ധർ, ടെക്നീഷ്യൻസ്, ടെക്നികൽ അസിസ്റ്റൻറ്.

### 5.2 ഹെൽത്ത്കെയർ & അനുബന്ധ സേവനങ്ങൾ

വളർന്നുവരുന്ന മേഖലകൾ : ടെലി മെഡിസിൻ, വയോജന പരിപാലനം, ഹോം ഹെൽത്ത്കെയർ, മെഡിക്കൽ കോഡിംഗ്.

വളർച്ചയെ പ്രേരിപ്പിക്കുന്നത്: വയോജന നിരക്കിലെ വർദ്ധനവ്, മെഡിക്കൽ ടൂറിസം, ഹെൽത്ത്ടെക് സ്റ്റാർട്ടപ്പുകൾ.

തൊഴിൽ അവസരങ്ങൾ: ഹെൽത്ത് അസിസ്റ്റൻറുകൾ, മെഡിക്കൽ ട്രാൻസ്ക്രിപ്ഷനിസ്റ്റുകൾ, ഡയഗ്നോസ്റ്റിക് ടെക്നീഷ്യന്മാർ ,നർസിഗ് അസിസ്റ്റൻറ് , മുതിർന്ന പൗരർക്കുള്ള ഫിറ്റ്നെസ്സ് ട്രയിനർ, ഹോം നേഴ്സ് .

### 5.3 സ്കിൽ അധിഷ്ഠിത ഉൽപ്പാദനവും എം.എസ്.എം.ഇ കളും

വളർന്നുവരുന്ന മേഖലകൾ : ഫുഡ് പ്രോസസ്സിംഗ്, ആയുർവേദ ഉൽപ്പന്നങ്ങൾ, ഇലക്ട്രോണിക് അസംബ്ലി, ടെക്സ്റ്റൈൽ.

വളർച്ചയെ പ്രേരിപ്പിക്കുന്നത്: സ്വയംതൊഴിൽ, കയറ്റുമതി, സംരംഭങ്ങൾ.

തൊഴിൽ അവസരങ്ങൾ: മെഷീൻ ഓപ്പറേറ്റർമാർ, ക്വാളിറ്റി കണ്ട്രോൾ ടെക്നീഷ്യന്മാർ, പാക്കേജിംഗ് സ്റ്റാഫ്.

### 5.4 ഹരിത തൊഴിൽ മേഖലകൾ

വളർന്നുവരുന്ന മേഖലകൾ : ഓർഗാനിക് ഫാമിംഗ്, മാലിന്യ സംസ്കരണം, പുനരുപയോഗ ഊർജം, ഇക്കോ ടൂറിസം.

വളർച്ചയെ പ്രേരിപ്പിക്കുന്നത്: പരിസ്ഥിതി നയങ്ങൾ, കാലാവസ്ഥാ പ്രവർത്തനങ്ങൾ, സുസ്ഥിര ഉപജീവനം.

തൊഴിൽ അവസരങ്ങൾ: സൗരോർജ ടെക്നീഷ്യന്മാർ, ഓർഗാനിക് ഫാം മാനേജർമാർ, പരിസ്ഥിതി ഓഡിറ്റർമാർ, മാലിന്യ പരിപാലന യൂണിറ്റിലെ

ടെക്നീഷ്യന്മാർ, ബദൽ ഉല്പന്ന നിർമ്മാണ സ്ഥാപനങ്ങളിലേയ്ക്കുള്ള തൊഴിലാളികൾ , മാലിന്യ പരിപാലന കമ്പനികൾക്കുള്ള വിവിധ വിഭാഗത്തിലെ തൊഴിലാളികൾ.

**5.5 റീട്ടെയിൽ, ലൊജിസ്റ്റിക്സ് & ഇകൊമേഴ്സ്**

വളർന്നുവരുന്ന മേഖലകൾ : ഓൺലൈൻ വിൽപ്പന, ലാസ്റ്റ് മൈൽ ഡെലിവറി, സപ്ലൈ ചെയിൻ അനലിറ്റിക്സ്.

വളർച്ചയെ പ്രേരിപ്പിക്കുന്നത്: ഇ–കൊമേഴ്സ് വളർച്ച, ഫ്ളിപ്കാർട്ട്/ആമസോൺ പ്രവർത്തനം, ഡിജിറ്റൽ മാർക്കറ്റ്പ്ലേസ്.

തൊഴിൽ അവസരങ്ങൾ: ഡെലിവറി എക്സിക്യൂട്ടീവുകൾ, വെയർഹൗസ് മാനേജർമാർ, സപ്ലൈ ചെയിൻ അനലിസ്റ്റുകൾ.

**5.6 വിദ്യാഭ്യാസം, സ്കില്ലിംഗ് & എഡ്യൂക്കേഷൻ ടെക്നോളജി**

വളർന്നുവരുന്ന മേഖലകൾ : ഓൺലൈൻ പഠനം, ആപ്സ്കില്ലിംഗ് പ്ലാറ്റ്ഫോമുകൾ, തൊഴിൽ പരിശീലകർ.

വളർച്ചയെ പ്രേരിപ്പിക്കുന്നത്: ഉന്നത സാക്ഷരത, പുതിയ വിദ്യാഭ്യാസ നയം ( 2020), ഡിജിറ്റൽ വിദ്യാഭ്യാസം.

തൊഴിൽ അവസരങ്ങൾ: ഇ–ലേണിംഗ് ട്യൂട്ടർമാർ, സോഫ്റ്റ് സ്കിൽ ട്രെയിനർമാർ, കോഴ്സ് കൺടെന്റ് ഡിസൈനർമാർ.

**5.7 നിർമാണം & അടിസ്ഥാനസൗകര്യങ്ങൾ**

വളർന്നുവരുന്ന മേഖലകൾ : കാലാവസ്ഥ പ്രതിരോധ നിർമാണം, പ്രിഫാബ് ടെക്നോളജി, സ്മാർട്ട് സിറ്റി പദ്ധതി.

വളർച്ചയെ പ്രേരിപ്പിക്കുന്നത്: അടിസ്ഥാന സൗകര്യ വികസനം , ഭവന നിർമാണം, നഗര വികസനം.

തൊഴിൽ അവസരങ്ങൾ: സിവിൽ എഞ്ചിനീയർമാർ, ഇലക്ട്രീഷ്യന്മാർ, മെഷീൻ ഓപ്പറേറ്റർമാർ, നിർമ്മാണ മേഘലയിലേക്കുള്ള വിവിധ അനുബന്ധ തൊഴിലുകൾ.

**5.8  ടൂറിസം & ഹോസ്പിറ്റാലിറ്റി**

വളർന്നുവരുന്ന മേഖലകൾ : വെൽനെസ് ടൂറിസം, അനുഭവാത്മക ടൂറിസം, ഇക്കോ ടൂറിസം, ഭക്ഷണ വ്യവസായം.

വളർച്ചയെ പ്രേരിപ്പിക്കുന്നത്: പാരമ്പര്യ ടൂറിസം പ്രോത്സാഹനം, മെഡിക്കൽ ടൂറിസം, കണക്ടിവിറ്റി മെച്ചപ്പെടുത്തൽ. കുടുംബ ഘടനയിലെ മാറ്റം, തൊഴിലെടുക്കുന്നവരുടെ എണ്ണത്തിൽ വന്ന വർദ്ധനവ് , യാത്ര ചെയ്യുന്നവരിലേയും വിനോദ സഞ്ചാര മേഖലയിലെയും വളർച്ച

തൊഴിൽ അവസരങ്ങൾ: ടൂർ കൺസൽറ്റന്റുകൾ, ഷെഫുകൾ, ഹോട്ടൽ മാനേജർമാർ, വെൽനെസ് തെറാപ്പിസ്റ്റുകൾ, സർവീസിംഗ്, അസിസ്റ്റൻറ് ഷെഫ് , ക്ലീനിംഗ് , ഹോസ്പിറ്റാലിറ്റി സ്റ്റാഫ്, ടൂർ അസിസ്റ്റെന്റുകൾ.

### 5.9. ധനകാര്യ സേവനങ്ങൾ & ഫിൻടെക്

വളർന്നുവരുന്ന മേഖലകൾ: ഡിജിറ്റൽ ബാങ്കിംഗ്, മൈക്രോഫിനാൻസ്, ഇൻഷുറൻസ് ടെക്നോളജി.

വളർച്ചയെ പ്രേരിപ്പിക്കുന്നത്: ധനസഹായ പദ്ധതികൾ, മൊബൈൽ ബാങ്കിംഗ്, നിധി കമ്പനികൾ.

തൊഴിൽ അവസരങ്ങൾ: ഫിനാൻഷ്യൽ അഡ്വൈസർമാർ, ഇൻഷുറൻസ് ഏജൻറുകൾ, വായ്പാ ഓഫീസർമാർ.

### 5.10. സാമൂഹ്യ മേഖല & കമ്മ്യൂണിറ്റി സേവനങ്ങൾ

വളർന്നുവരുന്ന മേഖലകൾ : കമ്മ്യൂണിറ്റി ഡെവലപ്മെൻറ്, മാനസികാരോഗ്യ സേവനം, പുനരധിവാസ പ്രവർത്തനം.

വളർച്ചയെ പ്രേരിപ്പിക്കുന്നത്: കുടുംബശ്രീ, ഗ്രാമ പഞ്ചായത്ത് ഇടപെടലുകൾ, ദുരന്ത പ്രതികരണങ്ങൾ.

തൊഴിൽ അവസരങ്ങൾ: സോഷ്യൽ വർക്കർമാർ, കൗൺസിലർമാർ, ഉപജീവന സംയോജകരായി.

## 6. ഇത്തരം തൊഴിൽ സാദ്ധ്യതകളെ എങ്ങിനെ പ്രയോജനപ്പെടുത്താം

വളർന്നുവരുന്ന ഈ പുതിയ തൊഴിൽ മേഖലകളെ സ്ത്രീകളുടെ തൊഴിൽ സാദ്ധ്യതകളാക്കി മാറ്റാൻ കഴിയണം. ഇത്തരം എല്ലാ തൊഴിൽ രംഗങ്ങളുടെയും സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയുന്ന സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കാനും തൊഴിൽ ദാതാക്കളേയും തൊഴിൽ ആവശ്യക്കാരേയും പരസ്പരം ബന്ധിപ്പിക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കാൻ നേതൃത്വപരമായ ചുമതല കുടുംബശ്രീ സി.ഡി.എസ്സിനായിരിക്കും. ഇതിനായി വിജ്ഞാന കേരളം ജനകീയ പ്രസ്ഥാനത്തിന്റെ ഭാഗമായി കുടുംബശ്രീ വലിയൊരു തൊഴിൽപദ്ധതിക്കുള്ള ക്യാമ്പയിന് തുടക്കം കുറിക്കുകയാണ്.

- ❖ ഓരോ മേഖലയിലും ഉള്ള തൊഴിലുകൾ തൊഴിലുടമകളെ നേരിട്ട് സന്ദർശിച്ച് പ്രാദേശികമായി കണ്ടെത്തി പട്ടികപ്പെടുത്തുക.

❖ തൊഴിൽ ചെയ്യാൻ സന്നദ്ധരായവരെ പ്രാദേശികമായി കണ്ടെത്തുകയും, കഴിവ്, അഭിരുചി, വിദ്യാഭ്യാസ യോഗ്യത എന്നിവയെ അടിസ്ഥാനപ്പെടുത്തി തരം തിരിക്കുകയും ചെയ്യുക.

❖ തൊഴിൽദാതാക്കളും തൊഴിലന്വേഷകരേയും തമ്മിൽ ബന്ധപ്പെടുത്തി പരമാവധി തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിന് ഉള്ള ചാലകശക്തിയായി കുടുംബശ്രീ സി.ഡി . എസ്സ് സംവിധാനത്തെ മാറ്റിയെടുക്കുക.

❖ നിലവിലെ തൊഴിൽ സാദ്ധ്യതകൾ നേടിയെടുക്കുന്നതിനാവശ്യമായ ഹ്രസ്വകാല / ദീർഘകാല നൈപുണ്യ പരിശീലനങ്ങൾ തദ്ദേശ സ്വയം ഭരണ അടിസ്ഥാനത്തിൽ ലഭ്യമാക്കുക

❖ തൊഴിലന്വേഷകർക്ക് തൊഴിൽ നേടിയെടുക്കുന്നതിനുള്ള ആത്മവിശ്വാസം, സാമൂഹികമായ പിന്തുണ, മെച്ചപ്പെട്ട തൊഴിൽ സാഹചര്യം എന്നിവ സൃഷ്ടിക്കുക

❖ തൊഴിൽ ലഭ്യമായവരുടെ നിലവിലെ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനുള്ള അധിക നൈപുണ്യ , പുനർ നൈപുണ്യം , പ്രവർത്തന മികവിനുള്ള നൈപുണ്യം എന്നിവ നൽകുക.

## 7. ക്യാമ്പയിനിന്റെ ലക്ഷ്യം

**7.1 മുഖ്യ ലക്ഷ്യം :** സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം 50 % മായി ഉയർത്തുക.

### 7.2 ഉപലക്ഷ്യങ്ങൾ

❖ സ്ത്രീകൾക്ക് സുസ്ഥിരമായ വരുമാനം , സാമ്പത്തിക സ്വാശ്രയത്വം എന്നിവ ഉറപ്പാക്കുക

❖ നിലവിലെ നൈപുണ്യത്തിന്റെ തോത് മനസ്സിലാക്കുക ആവശ്യമെങ്കിൽ നൈപുണ്യ പരിശീലനം നൽകുക.

❖ അയൽക്കൂട്ട കുടുംബങ്ങളിൽ പുതിയ വരുമാന സ്രോതസുകൾ / തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക.

❖ ഗ്രീൻ ജോബ്സ് , ഗിഗ് ജോബ്സ് , കെയർ ഇക്കോണമി , റൂറൽ ടൂറിസം എന്നീ മേഖലകൾക്ക് ആവശ്യമായി വരുന്ന മാനുഷിക വിഭവങ്ങൾ കണ്ടെത്തി നൈപുണ്യ പരിശീലനം നൽകുക

❖ നിലവിലെ നൈപുണ്യം അധിക നൈപുണ്യം പുനർ നൈപുണ്യം എന്നിവയിലൂടെ പരിപോഷിപ്പിക്കുക

- ❖ പുത്തൻ സാങ്കേതിക വളർച്ചയ്ക്കാനുപാതികമായി നിലവിൽ തൊഴിലെടുക്കുന്നവരുടെ നൈപുണ്യം വികസിപ്പിക്കുക / സമപ്പെടുത്തുക അതുവഴി സന്തുഷ്ടരായ തൊഴിൽ സമൂഹത്തെ സൃഷ്ടിക്കുക.
- ❖ കുടുംബശ്രീ ത്രിതല സംഘടനാ സംവിധാനത്തെ സ്ത്രീകളുടെ തൊഴിൽ വികസന ഏജൻസി ആയി മാറ്റുക.

**8. തദ്ദേശ സ്വയം ഭരണ സ്ഥാപനവും കുടുംബശ്രീയും**

പ്രാദേശിക സാമ്പത്തിക വികസനത്തിൻറെ മുഖ്യ ഏജൻസിയാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ 04.01.2023 ലെ സർക്കാർ ഉത്തരവ് ( കൈ) നമ്പർ 3/2023 എൽ.എസ്.ജി.ഡി. മാർഗ്ഗരേഖയിലൂടെ പ്രാദേശിക സാമ്പത്തിക വികസന രംഗത്തെ പ്രവർത്തനങ്ങൾ നടത്തുന്നതിനും, പ്രാദേശിക തൊഴിൽസാദ്ധ്യതകൾ വികസിപ്പിക്കുന്നതിനും വിപുലമായ സാധ്യതകളും, ചുമതലകളുമാണ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകീട്ടുള്ളത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും കുടുംബശ്രീ മിഷനും വിജ്ഞാനകേരള മിഷനും ഉൾപ്പെടെയുള്ള വിവിധ ഏജൻസികളും നടത്തിവരുന്ന പ്രവർത്തനങ്ങളെ പ്രയോജനപ്പെടുത്തുകയാണ് ഈ കാമ്പയിനിൻറെ ലക്ഷ്യം. ക്യാമ്പയിൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പൂർണ പിന്തുണയോടെ നടപ്പിലാക്കുന്നതിനാൽ തൊഴിൽ ദാതാക്കളിലും തൊഴിലന്വേഷകരിലും ഒരുപോലെ വിശ്വാസം കൊണ്ടുവരാൻ സഹായിക്കും. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ക്രിയാത്മകമായ ഇടപെടലുകളിലൂടെ തൊഴിൽ ദാതാക്കളുടെയും തൊഴിലന്വേഷകരുടെയും ആവശ്യങ്ങൾ മനസിലാക്കാനും അതിലൂടെ പ്രസ്തുത പരിപാടിക്ക് കൂടുതൽ സുസ്ഥിരത വരുത്താൻ സാധിക്കും. പ്രാദേശിക സാമ്പത്തിക വികസനത്തിന് ഒഴിച്ചുകൂടാൽ കഴിയാത്ത പ്രധാന ഘടകമാണ് വേതനാധിഷ്ഠിത തൊഴിൽ മേഖലയും നൈപുണ്യ വികസനവും ഇക്കാര്യത്തിൽ പ്രാദേശിക സർക്കാരുകളുടെ പരിപൂർണ്ണ നേതൃത്വവും സാമ്പത്തിക പിന്തുണയും അത്യാവശ്യമാണ്.

ക്യാമ്പയിൻ പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏറ്റെടുത്തു നടത്തുവാനായി കുടുംബശ്രീക്ക് ഡി.ഡി.യു.ജി.കെ.വൈ പദ്ധതിക്ക് കീഴിലായി പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തലം മുതൽ സംസ്ഥാനതലം വരെ നിലവിൽ സംവിധാനം ഉണ്ട് കൂടാതെ ടി സംവിധനത്തിന് വേതാധിഷ്ഠിത തൊഴിൽമേഖലയിൽ കഴിഞ്ഞ 10 വർഷത്തെ അനുഭവ സമ്പത്തുണ്ട്. വേതനാധിഷ്ഠിത തൊഴിൽ മേഖലയിൽ കുടുംബശ്രീക്ക് നേരിട്ടും അല്ലാതെയും പ്രവർത്തിച്ചുള്ള പരിചയം ടി ക്യാമ്പയിനിന്റേയും

ആയതിൻറെ തുടർപ്രവർത്തനത്തിന്റേയും നടത്തിപ്പിന് ഏറെ ഗുണകരമായിരിക്കും. (ഉദാ : കൊച്ചി മെട്രോ , തൊഴിലുറപ്പ് പദ്ധതി , സ്വാന്തനം , ഹരിത കർമ്മസേന). കൂടാതെ കുടുംബശ്രീയുടെ സാമൂഹിക സംഘടനാ സംവിധാനം നൽകുന്ന സാമൂഹികവും, മാനസികവും , വൈകാരികവും ആയ പിന്തുണ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്താൻ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ ക്യാമ്പയിന് ശരിയായ ദിശ നൽകും എന്നതിൽ തർക്കമില്ല.

**9. പ്രവർത്തന സമീപനം**

(1) സംസ്ഥാന / ജില്ലാ / ബ്ലോക്ക് / തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ തൊഴിൽ ദാതാക്കളെ നേരിട്ട് കണ്ട് നിലവിലുള്ളതും ഭാവിയിൽ വരാൻ സാദ്ധ്യതയുള്ളതുമായ മുഴുവൻ തൊഴിലുകൾ ഏതെല്ലാമാണെന്നും ഓരോ തൊഴിലിനും ആവശ്യമായ മിനിമം വിദ്യാഭ്യാസ യോഗ്യത, നൈപുണ്യം , തൊഴിൽ പരിചയം, ലഭിക്കാൻ സാധ്യതയുള്ള വേതനം , തൊഴിൽ ചെയ്യേണ്ട സ്ഥലം, ഈ അവസരങ്ങൾ അവസാനിക്കുന്ന തിയ്യതി എന്നിവ സോഫ്റ്റ് വെയർ / മൊബൈൽ ആപ്പിൻറെ സഹായത്തോടെ ശേഖരിക്കുന്നതാണ്. (2) ശേഖരിച്ച വിവരങ്ങൾ സോഫ്റ്റ് വെയറിൻറെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ മാപ്പുചെയ്യുന്നതാണ് . (3) ലഭ്യമായ തൊഴിലുകൾ നേരിട്ട് നികത്താവുന്നത് ഉടന് നികത്തുന്നതിന് നടപടി സ്വീകരിക്കുകയും തുടർന്ന് ഏറ്റവും ഹ്രസ്വമായ (ഒന്ന് മുതൽ പരമാവധി അഞ്ചു ദിവസം വരെയുള്ള പരിശീലനം) പരിശീലനം നൽകേണ്ടത്, ഹ്രസ്വ കാല പരിശീലനം (അഞ്ചു ദിവസം മുതൽ പതിനഞ്ചു ദിവസം വരെ) നൽകേണ്ടവർ , ദീർഘകാല പരിശീലനം (15 ദിവസത്തിനു മുകളിൽ ) എന്നിങ്ങനെ പരിശീലന കാലയളവിൻറെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരിശീലനം നല്കി തൊഴിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കും. തുടർന്ന് ലഭ്യമായ തൊഴിലവസരങ്ങൾ, മറ്റു വിവരങ്ങൾ എന്നിവ തദ്ദേശ സ്വയം ഭരണ സ്ഥാപനതലത്തിൽ/ അയൽക്കൂട്ടതലത്തിൽ പ്രസിദ്ധപ്പെടുത്തുക എന്നതാണ്.

തദ്ദേശ സ്വയം ഭരണ തലത്തിൽ നടത്തിയ തൊഴിൽ സാധ്യതാ വിവര ശേഖരണത്തിൽ നിന്നും വേക്കൻസി ബാങ്ക് / ഓപ്പർച്ച്യൂണിറ്റി ബാങ്ക് തയ്യാറാക്കി കഴിഞ്ഞാൽ, നിലവിൽ കണ്ടെത്തിയ തൊഴിലവരസങ്ങൾക്കായി അനുയോജ്യരായ തൊഴിൽ അന്വേഷകരെ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ഓക്സിലറി ഗ്രൂപ്പുകൾ എന്നിവയിൽ കണ്ടെത്തി തൊഴിലുമായി ബന്ധിപ്പിക്കുക, ആവശ്യമായ നൈപുണ്യ പരിശീലനം നൽകുക എന്നിവയാണ് തുടർന്നുള്ള നടപടികൾ. അവസാന ഘട്ടത്തിൽ

ചെയ്യേണ്ടത് . ആയത്തിലേക്ക് അയൽക്കൂട്ട കുടുംബത്തിലെ ജോലി ചെയ്യാൻ സന്നദ്ധരായ യുവജനങ്ങളുടേയും സ്ത്രീകളുടേയും മുഴുവൻ വിവരങ്ങളും ശേഖരിക്കുകയും നിലവിലെ വിദ്യാഭ്യാസയോഗ്യത, അഭിരുചി, നിലവിലെ നൈപുണ്യത്തിൻറെ തോത്, അനുഭവസമ്പത്ത് എന്നിവ മനസ്സിലാക്കി വിവര സഞ്ചയത്തിൻറെ ഭാഗമാക്കുക. കൂടാതെ ആവശ്യമായ ഇടങ്ങളിൽ നൈപുണ്യ വികസനത്തിലൂടെ തൊഴിലവസരങ്ങൾ നേടാൻ വ്യക്തികളെ സജ്ജരാക്കുക എന്നതും ക്യാമ്പയിനിലൂടെ ലക്ഷ്യമിടുന്നു.

**10. <u>ക്യാമ്പയിൻ പ്രവർത്തനങ്ങൾ</u>**

**10.1 ക്യാമ്പയിൻ കൈപ്പുസ്തകം:** കാമ്പയിനിൻറെ പ്രാധാന്യം , ലക്ഷ്യം , രീതിശാസ്ത്രം, ചുമതല വിഭജനം, സമയക്രമം, പ്രവർത്തന കലണ്ടർ, വിവിധ പരിശീലനങ്ങൾ, പരിശീലനത്തിൽ കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ സൂചകങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്യാമ്പയിൻ കൈപ്പുസ്തകം ലഭ്യമാക്കുക. കുടുംബശ്രീയും വിജ്ഞാന കേരളവും സംയുക്തമായി കൈപ്പുസ്തകം വികസിപ്പിക്കും.

**10.2 റിസോഴ്സ് പൂൾ രൂപീകരണം:** വേതനാധിഷ്ഠിത തൊഴിൽ മേഖല കുടുംബശ്രീയെ സംബന്ധിച്ച് ചെറിയ രീതിയിൽ മാത്രം ഇടപെട്ടിട്ടുള്ള മേഖലയായതിനാലും, പ്രസ്തുത മേഖല ഒരുപാട് വെല്ലുവിളികൾ നേരിടുന്നതിനാലും കൃത്യമായ രീതിയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടത് അത്യാവശ്യമാണ്. പ്രസ്തുത പ്രവർത്തനത്തിന് വലിയ രീതിയിൽ പ്രചാരണവും, ബോധവൽക്കരണവും ആവശ്യമായതുനാലും മേൽ പ്രവർത്തനങ്ങൾ തുടർച്ചയായി നിർവഹിക്കപ്പെടേണ്ടതിനാലും സുസ്ഥിരമായ റിസോർസ് സംവിധാനം ഉണ്ടാക്കേണ്ടത് അത്യാവശ്യമാണ്. വിവിധ മേഖലയിൽ നിന്നും വിദഗ്ധരേയും, കുടുംബശ്രീ മുൻ കാല പ്രവർത്തകരേയും , കുടുംബശ്രീ സംഘടനാ സംവിധാനത്തിലെ റിസോർസ് ടീം അംഗങ്ങളേയും കൂടാതെ ഈ പ്രവർത്തനത്തിൽ പങ്കാളിവാൻ സന്നദ്ധരായവരെ കണ്ടെത്തി കൃത്യമായ ആശയ വ്യക്തതയുള്ള ഒരു റിസോഴ്സ്പൂൾ സംസ്ഥാന ജില്ലാ, ബ്ലോക്ക് തലത്തിൽ രൂപീകരിക്കേണ്ടതാണ്.

**10.3 വിവിധ പരിശീലന പരിപാടികൾ**

- കുടുംബശ്രീ മിഷനിലെ ഉദ്യോഗാർത്ഥികൾക്കുള്ള പരിശീലനം: കുടുംബശ്രീ സംസ്ഥാന ജില്ലാ മിഷനുകളിൽ ഉള്ള മുഴുവൻ ജീവനക്കാരെയും ഉൾപ്പെടുത്തി സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്തുന്നതുമായി ബന്ധപ്പെട്ട് കുടുംബശ്രീ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന കാമ്പയിനിനെപ്പറ്റി ഏകദിന ശിൽപശാല

സംഘടിപ്പിക്കേണ്ടതും പ്രസ്തുത കാമ്പയിനുമായി ബന്ധപ്പെട്ട് ഓരോ അംഗങ്ങളുടെ ചുമതലകൾ എന്തൊക്കെയാണെന്നും നിശ്ചയിച്ച് നൽകേണ്ടതാണ്.

- ❖ കുടുംബശ്രീ സി.ഡി.എസ് ചെയർപേഴ്സൺമാർ, വൈസ് ചെയർപേഴ്സൺമാർ, മെമ്പർ സെക്രട്ടറിമാർ എന്നിവർക്കുള്ള ജില്ലാ തല പരിശീലനം.
- ❖ ജനപ്രധിനിധികൾക്കുള്ള ജില്ലാതല / ബ്ലോക്കുതല പരിശീലനം. ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ്, സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി ബ്ലോക്ക് തലത്തിലും, നഗരസഭാ ചെയർപേഴ്സൺ , കോർപറേഷൻ മേയർ കൂടാതെ വിവിധ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ / ചെയർപേഴ്സൺ എന്നിവരെ ഉൾപ്പെടുത്തി ജില്ലാതലത്തിലും ക്യാമ്പയിൻ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനും, ക്യാമ്പയിനിന്റെ പ്രസക്തി ബോധ്യപ്പെടുത്തുന്നതിനുമായി പരിശീലനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.
- ❖ കുടുംബശ്രീ വിവിധ പിന്തുണാ സംവിധാനം / സപ്പോർട്ട് ഗ്രൂപ്പുകൾക്കുള്ള പരിശീലനം മുൻ സി.ഡി.എസ് ഭാരവാഹികൾ, റിസോർസ് പേഴ്സൺമാർ, എം.ഇ.സി മാർ, കാസ് അംഗങ്ങൾ, പരിശീലന ഗ്രൂപ്പ് അംഗങ്ങൾ, മെന്റേഴ്സ് തുടങ്ങി ക്യാമ്പയിനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ താല്പര്യമുള്ള അംഗങ്ങളെ ഉൾപ്പെടുത്തി ജില്ലാതലത്തിൽ പരിശീലനം നൽകി ജില്ലാതല റിസോഴ്സ് പൂൾ രൂപീകരിച്ച് ചുമതല വിഭജിച്ചു നൽകേണ്ടതുമാണ്.
- ❖ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ തൊഴിൽ ദാതാക്കളെ നേരിട്ട് സന്ദർശിച്ച് തൊഴിൽ ലഭ്യതാവിവരം ശേഖരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനതല പ്രതിനിധികൾ, സി.ഡി.എസ് ഭാരവാഹികൾ, എ.ഡി.എസ് ഭാരവാഹികൾ എന്നിവർക്കുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിലുള്ള പരിശീലനം.
- ❖ പ്രാദേശിക തൊഴിൽ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും അത്തരം തൊഴിലവസരങ്ങൾ സ്ത്രീകളുടെ തൊഴിലവസരങ്ങൾ ആക്കിമാറ്റുന്നതിനും സാമൂഹിക പിന്തുണ ഉറപ്പാക്കുന്നത് ഉൾപ്പെടെ ക്യാമ്പയിൻ വിശദാംശങ്ങൾ സംബന്ധിച്ച് എ.ഡി.എസ് സെക്രട്ടറി, പ്രസിഡൻറ് എന്നിവർക്കുള്ള സി.ഡി.എസ് തല പരിശീലനം ഇതിന്റെ തുടർച്ചയായി അയൽക്കൂട്ട സെക്രട്ടറി, പ്രസിഡൻറ് എന്നിവർക്കുള്ള എ.ഡി എസ് തല പരിശീലനം.

**10.4 ദ്വിതീയ വിവരങ്ങളുടെ ശേഖരണവും സമാഹരണവും ഏകീകരണവും**

വേതനാധിഷ്ഠിത തൊഴിൽ മേഖല / നൈപുണ്യ വികസനം എന്നിവയുമായി ബന്ധപ്പെട്ട് നിലവിൽ ലഭ്യമായിട്ടുള്ള മുഴുവൻ വിവരങ്ങളും തദ്ദേശ സ്വയം ഭരണ സ്ഥാപനാടിസ്ഥാനത്തിൽ ശേഖരിക്കുകയും ആയതിൻറെ നാളതീകരണവും , വിവര സമ്പുഷ്ടീകരണവും നടത്തേണ്ടതാണ്. ആയത്തിലേക്ക് കുടുംബശ്രീ ഡി.ഡി.യു.ജി.കെ.വൈ പദ്ധതിയുടെ ഭാഗമായി സി.ഡി.എസ് ഓഫീസിൽ ലഭ്യമാക്കിയ നൈപുണ്യ രജിസ്റ്ററിലെ വിവരങ്ങൾ, ഗൂഗിൾ ഷീറ്റ് പ്രകാരം ശേഖരിച്ച വിവരങ്ങൾ, ഉന്നതി (കുടുംബശ്രീ തൊഴിലുറപ്പ് പദ്ധതി സംയോജന പദ്ധതി ) സോഫ്റ്റിലെ വിവരങ്ങൾ, ഡോർ ടു ഡോർ ക്യാമ്പയിനിലൂടെ ശേഖരിച്ച വിവരങ്ങൾ, കൗശൽ പാൻജി ആപ്പിലൂടെ ശേഖരിച്ച വിവരങ്ങൾ എന്നിവയാണ് ഉൾപ്പെടുത്തേണ്ടതും ഏകീകരിക്കേണ്ടതും.

**10.5 സി.ഡി.എസ് തലത്തിൽ വേക്കൻസി ബാങ്ക് / ഓപ്പർച്യുണിറ്റി ബാങ്ക് രൂപീകരിക്കാൻ**

തദ്ദേശ സ്വയം ഭരണ സ്ഥാപന അദ്ധ്യക്ഷന്റെ നേതൃത്വത്തിൽ തൊഴിൽ ദാതാക്കളെ സന്ദർശിക്കുന്നതിനുള്ള കമ്മിറ്റി രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മിറ്റ ഓരോ തദ്ദേശ സ്വയം ഭരണ പ്രദേശത്തെയും തൊഴിലുടമകളെ സന്ദർശിക്കുന്നതിനുള്ള ടാസ്ക് ഫോഴ്സുകളെ രൂപീകരിക്കേണ്ടതും ആണ്. ജനപ്രീതിനിധികൾ, കുടുംബശ്രീ ഭാരവാഹികൾ, മുൻ കുടുംബശ്രീ പ്രവർത്തകർ, കുടുംബശ്രീ പരിശീലന അംഗങ്ങൾ, വ്യവസായ വകുപ്പ് ഇൻറെൻസ്, കുടുംബശ്രീ മെൻറ്റർമാർ /റിസോർസ് ഗ്രൂപ്പ് അംഗങ്ങൾ മറ്റു സന്നദ്ധ പ്രവർത്തകൻ എന്നിവരെ ഉൾപ്പെടുത്തിവേണം ടാസ്ക് ഫോഴ്സുകൾ രൂപീകരിക്കാൻ. തദ്ദേശ സ്വയം ഭരണാടിസ്ഥാനത്തിൽ രജിസ്റ്റർചെയ്തതും മറ്റു തൊഴിലവരസങ്ങൾ ഉള്ളതുമായ മുഴുവൻ സ്ഥാപനങ്ങളും സന്ദർശനത്തിന്റെ ഭാഗമാക്കേണ്ടതാണ്. ഓരോ തദ്ദേശ സ്വയം ഭരണ തലത്തിലും പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിനനുസരിച്ച് വേണം ടാസ്ക്ഫോഴ്സുകളുടെ എണ്ണം തീരുമാനിക്കാൻ. കൂടാതെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും കൂടുതൽ അവസരങ്ങൾ കണ്ടെത്തുന്നതിനും സംസ്ഥാന / നിയോജക മണ്ഡലം / ബ്ലോക്ക്/ തദ്ദേശസ്വയംഭരണ തല ടാസ്ക് ഫോഴ്സുകൾ രൂപീകരിക്കേണ്ടതും സ്ഥാപനങ്ങളുടെ വലിപ്പം ശരാശരി ലഭിക്കാവുന്ന തൊഴിലുകളുടെ എണ്ണം എന്നിവയെ അടിസ്ഥാനപ്പെടുത്തി വിവിധ തലത്തിലുള്ള ടാസ്ക് ഫോഴ്സുകൾ ഒഴിവുകൾ കണ്ടെത്തേണ്ടതുമാണ്.

തൊഴിൽദാതാക്കളെ നേരിട്ട് സന്ദർശിച്ച് നിലവിൽ ലഭ്യമായതും ഭാവിയിൽ ഉണ്ടാവാൻ സാദ്ധ്യതയുള്ളതുമായ തൊഴിലവസരങ്ങൾ, പ്രസ്തുത തൊഴിൽ കാര്യക്ഷമമായി പൂർത്തീകരിക്കുന്നതിനുള്ള നൈപുണ്യം എന്നിവ വാക്കൻസി ബാങ്ക്/ ഓപ്പർച്യൂണിറ്റി ബാങ്കിൻറെ വിവര സഞ്ചയത്തിൻറെ ഭാഗമാക്കേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ കണ്ടെത്തുന്ന തൊഴിലുകൾ അനുബന്ധ വിവരങ്ങൾ എന്നിവ ക്രോഡീകരിച്ച് സി.ഡി.എസ് തല തൊഴിൽ കേന്ദ്രങ്ങളിൽ ലഭ്യമാക്കുന്നതും ആയതിന്റെ തുടർ പ്രവർത്തനങ്ങൾ തൊഴിൽ കേന്ദ്രങ്ങളുടെ ചുമതലയോടെ നടപ്പിലാക്കുന്നതും ആണ്.

**10.6 സി.ഡി.എസ് തല തൊഴിൽ കേന്ദ്രങ്ങൾ രൂപീകരിക്കൽ**

തൊഴിലവസരങ്ങളേയും മാനവവിഭവശേഷിയേയും ബന്ധിപ്പിക്കുന്നതിനായി സി.ഡി.എസ് തലത്തിൽ തൊഴിൽ കേന്ദ്രങ്ങൾ രൂപീകരിക്കണം. വേക്കൻസി ബാങ്ക്/ ഓപ്പർച്യൂണിറ്റി ബാങ്ക് എന്നിവ പ്രകാരം ലഭ്യമായ തൊഴിലുകളുടെ അലോട്ട്മെൻറ്, ആവശ്യമായ നൈപുണ്യ പരിശീലനം നൽകുക, മൈക്രോ ജോബ് ഫെയറുകൾ സംഘടിപ്പിക്കുക, ഹ്രസ്വ കല പരിശീലങ്ങൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കണ്ടെത്തുക. ഓരോ സ്ഥാപനങ്ങളുടെയും ആവശ്യാനുസരണം തൊഴിലെടുക്കുന്നവരുടെ ലഭ്യത ഉറപ്പാക്കുക എന്നിവയാണ് ഇത്തരം തൊഴിൽ കേന്ദ്രങ്ങളുടെ ചുമതലകൾ. അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിലധിഷ്ഠിത നൈപുണ്യം പൂർത്തീകരിച്ച് ജോലിയിൽ പ്രവേശിച്ചവരുടെ സ്ഥിരമായ ഇടവേളകളിലുള്ള അവസ്ഥാ പരിശോധന, ജോലി മെച്ചപ്പെടുത്തുന്നതിനും പുതിയ ജോലി കണ്ടെത്തുന്നതിനുമുള്ള സഹായം, ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ തൊഴിൽ കേന്ദ്രങ്ങൾ നടത്തേണ്ടതാണ്. തൊഴിൽ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു

- ❖ നൈപുണ്യ പരിശീലനം പൂർത്തീകരിച്ച് അവരുടെ ഡാറ്റാ ബാങ്ക് സൂക്ഷിക്കൽ: കെഡിസ്കിന്റെ ഡി.ഡബ്ല്യൂ.എം.എസുമായി ബന്ധപ്പെടുത്തി വിവരങ്ങൾ സൂക്ഷിക്കുക.
- ❖ ഓപ്പർച്യൂണിറ്റി ബാങ്ക് : പ്രാദേശികമായി ലഭ്യമാകുന്ന അവസരങ്ങൾ കണ്ടെത്തുകയും അനുയോജ്യരായ ഉദ്യോഗാർത്ഥികളുമായി അവയെ ബന്ധപ്പെടുത്തുകയും ചെയ്യുക.

- ❖ നൈപുണ്യ പരിശീലന അവബോധം: നിലവിലുള്ള നൈപുണ്യ പരിശീലന പദ്ധതികൾ, ലഭ്യമായ തൊഴിൽ അവസരങ്ങൾ എന്നിവയെപ്പറ്റിയുള്ള വിവരങ്ങൾ ലഭ്യമാകുന്ന കേന്ദ്രമായി പ്രവർത്തിക്കുക.
- ❖ തൊഴിലിലേക്ക് നിയോഗിച്ചവർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ, തുടർ പരിശീലനങ്ങൾ , തൊഴിലെടുക്കുന്നതിനുള്ള പ്രോത്സാഹനം തുടങ്ങിയ പ്രവർത്തനങ്ങൾ.
- ❖ തൊഴിൽ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന ഒഴിവുകളിലേക്ക് അനുയോജ്യരായ തൊഴിലന്വേഷകരുടെ ലിസ്റ്റ് ലഭ്യമാക്കൽ.

സി. ഡി. എസ്സ് ചെയർപേർസൺ , വൈസ് ചെയർപേർസൺ, ഉപസമിതി കൺവീനർമാർ , സി.ഡി.എസ്സ് അംഗങ്ങൾ , സി. ഡി. എസ്സ് അക്കൌണ്ടൻറ് , കുടുംബശ്രീ മെൻഡർ, കമ്യൂണിറ്റി അംബാസിഡർ ,സി.ഡി.എസ്സ് ചുമതലപ്പെടുത്തുന്നവർ എന്നിവർ ചേർന്നാണ് തൊഴിൽ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടത്.

**10.7 അയൽക്കൂട്ട തല പ്രാഥമിക വിവര ശേഖരണം**

അയൽക്കൂട്ട തലത്തിൽ ലഭ്യമാക്കുന്ന ഫോർമാറ്റിൽ ഓരോ അയൽക്കൂട്ട കുടുംബത്തിലെയും തൊഴിലന്വേഷകരുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണ് . ഓരോ അംഗത്തിൻറെയും വിദ്യാഭ്യാസ യോഗ്യത, ജോലിചെയ്യുന്നതിനുള്ള സന്നദ്ധത, ഏതുമേഖലയിലാണ് തൊഴിൽ ചെയ്യുന്നതിനുള്ള താല്പര്യമുള്ളത്, പ്രാദേശികമായാണോ ജോലിക്ക് ശ്രമിക്കുന്നത്, പ്രതീക്ഷിക്കുന്ന ചുരുങ്ങിയ വേതനം , ആവശ്യമായ നൈപുണ്യ പരിശീലനം, ജില്ലക്ക് / സംസ്ഥാനത്തിന് പുറത്ത് ജോലിനേടി പോകുന്നതിനുള്ള സന്നദ്ധത എന്നിവയാണ് പ്രാഥമിക വിവരശേഖരണത്തിന്റെ ഭാഗമാക്കാൻ തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത വിവരങ്ങൾ അയൽക്കൂട്ട പ്രസിഡൻറ് / സെക്രട്ടറി ക്യാമ്പയിനിനെ (പ്രവർത്തനങ്ങൾ, ലക്ഷ്യം) പറ്റി അയൽക്കൂട്ടത്തിൽ വിശദമായി ചർച്ച ചെയ്തതിനു ശേഷം ഫോർമാറ്റിൽ ശേഖരിക്കേണ്ടതും ആയതു എ.ഡി.എസ് ന് കൈമാറേണ്ടതുമാണ്. കൂടാതെ ദ്വിതീയ വിവരങ്ങൾ നാളതീകരിക്കുന്നതിനും സമ്പുഷ്ടിപ്പെടുത്തുന്നതിനും അയൽക്കൂട്ട വിവരശേഖരണ സമയത്ത് പ്രത്യേകമായി ശ്രദ്ധിക്കുകയും മുഴുവൻ വിവരങ്ങൾ ഏകീകരിക്കുന്നതിനും സി.ഡി.എസ് തലത്തിൽ വ്യത്യസ്ത വിവരങ്ങൾ /ഇരട്ടിപ്പ് ഇല്ലാതാക്കാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**10.8 തദ്ദേശ സ്വയം ഭരണസ്ഥാപന തലത്തിൽ തൊഴിൽ വികസന സമിതി രൂപീകരിക്കുക**

ഓരോ സി.ഡി.എസിലെയും നിലവിലെ തൊഴിൽദിനങ്ങൾ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചും നിലവിലെ അവസരങ്ങൾ പരമാവധി അയൽക്കൂട്ട അംഗങ്ങൾക്ക് ലഭ്യമാക്കിയും വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഓരോ സി ഡി എസ് പരിധിയിലും വേതനധിഷ്ഠിത തൊഴിൽ കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.വിവിധ വ്യാപാര വ്യവസായ കൂട്ടായ്മകൾ, ഏജൻസികൾ , തൊഴിൽ ദാതാക്കൾ , സ്ഥാപന ഭാരവാഹികൾ , പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി വേതനാധിഷ്ഠിത തൊഴിൽ കമ്മിറ്റി രൂപീകരിക്കാവുന്നതാണ്.

**10.9 മൊബൈൽ ആപ് സംവിധാനത്തോട് കൂടിയ സോഫ്റ്റ് വെയർ / ഓൺലൈൻ ജോബ് പോർട്ടൽ സജ്ജമാക്കൽ**

സ്ഥാപനങ്ങൾ നേരിട്ട് സന്ദർശിച്ച് തൊഴിൽ ലഭ്യത ചിട്ടയായി രേഖപ്പെടുത്തുന്നതിനും, ലഭ്യമായ തോഴിലുകൾ മേഖല അടിസ്ഥാനത്തിലും ഓരോ തൊഴിലും ലഭ്യമായ പ്രദേശത്തിന്റേയും അടിസ്ഥാനത്തിൽ മാപ് ചെയ്യുന്നതിനും കൂടാതെ തൊഴിലന്വേഷകരുടെ വിവരങ്ങൾ അയൽക്കൂട്ട തലത്തിൽ ശേഖരിക്കുന്നതിനും , ക്രോഡീകരിക്കുന്നതിനും മൊബൈൽ ആപ് സംവിധാനത്തോട് കൂടിയ സോഫ്റ്റ് വെയർ കാമ്പയിനിൻറെ ഭാഗമായി കെ-ഡിസ്ക് ലഭ്യമാക്കുന്നതാണ്. അടുത്ത ഘട്ടത്തിൽ, തൊഴിൽ ദാതാക്കളേയും തൊഴിലന്വേഷകരേയും പരസ്പരം ബന്ധിപ്പിക്കുന്നതിനായി പ്രായോഗികമായ രീതിയിൽ ജോബ് പോർട്ടൽ സംവിധാനം തയ്യാറാക്കാവുന്നതും പ്രസ്തുത മേഖലയിലെ ഡിമാൻഡും സപ്ലൈയും തമ്മിൽ ബന്ധിപ്പിക്കാവുന്നതും ആണ്

**10.10 കണ്ടെത്തിയ തൊഴിലുകളും ഇത്തരം തൊഴിൽ ഏറ്റെടുക്കാൻ സന്നദ്ധരായവരെയും പരസ്പരം ബന്ധപ്പെടുത്തി തൊഴിൽ ലഭ്യമാക്കൽ**

**10.10.1 നേരിട്ട് തൊഴിലിലേയ്ക്ക് ബന്ധപ്പെടുത്താവുന്നവ:**

തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ സ്ഥാപനങ്ങൾ സന്ദർശിച്ച് കണ്ടെത്തിയ തൊഴിലുകൾ നിലവിലെ തൊഴിലന്വേഷകരുടെ യോഗ്യതയ്ക്ക് തുല്യമാണെങ്കിൽ പ്രാദേശികമായി അവബോധം നല്കി ബന്ധപ്പെട്ട തൊഴിൽ ദാതാവിന്റെ ആവശ്യകതയ്ക്കനുസരിച്ച് ലഭ്യമാക്കുന്ന പട്ടികയിൽ നിന്നും തൊഴിലിലേയ്ക്ക് നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. അല്ലെങ്കിൽ ഹ്രസ്വ കാല

പരിശീലനത്തിലൂടെ നേടിയെടുക്കാവുന്ന ഒഴിവുകളാണെങ്കിൽ ഇത്തരം ഒഴിവുകൾ പ്രാദേശിക തലത്തിൽ പരിശീലനം നല്കി തൊഴിലിലേക്ക് നിയോഗിക്കാവുന്നതാണ്.

### 10.10.2 നൈപുണ്യ വികസനത്തിലൂടെ തൊഴിൽ ലഭ്യമാക്കൽ

അവസരങ്ങൾ രൂപപ്പെട്ടുവരുന്നതിനു മുമ്പുതന്നെ അവശ്യാവശ്യമായ നൈപുണ്യമുള്ളവരെ തയ്യാറാക്കി അവർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനാണ് ഇവിടെ പ്രാധാന്യം. വിവരസഞ്ചയത്തിലെ മാനവവിഭവശേഷിയിലെ വ്യത്യസ്തത വിശകലനം ചെയ്തുകൊണ്ട് തൊഴിലന്വേഷകർക്ക് ആവശ്യമായ നൈപുണ്യ വികസനം നടത്തുന്നതിന് അഞ്ചുതരത്തിലുള്ള സമീപനങ്ങൾ സ്വീകരിക്കുന്നതാണ്.

- ❖ പ്രാദേശികമായി ലഭ്യമാകുന്ന തൊഴിലുകൾ ചെയ്യുന്നതിന് സ്ത്രീകളെ തയ്യാറാക്കുന്നതിനുള്ള ഹ്രസ്വ കല പരിശീലനം
- ❖ പ്രാദേശിക തൊഴിലുകൾ കാര്യക്ഷമമായി ചെയ്യുന്നതിനും സ്ത്രീകളുടെ ആത്മവിശ്വാസം , അതിജീവന നൈപുണ്യം എന്നിവ ഉയർത്തുന്നതിനും ഉള്ള പരിശീലനം.
- ❖ സാങ്കേതിക നൈപുണ്യവികസനം
- ❖ തൊഴിൽ പ്രാപ്തിക്കു വേണ്ട അധിക പരിശീലനം
- ❖ അധിക നൈപുണ്യവും പുനർ നൈപുണ്യവും

### 11. പരിശീലന ചെലവും മറ്റു സൗകര്യങ്ങൾ സജ്ജമാക്കലും

തൊഴിൽ ചെയ്യാൻ സന്നദ്ധരായവർക്ക് ആവശ്യമായ വിവിധങ്ങളായ നൈപുണ്യ പരിശീലനം നൽകുന്നതിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തുക വകയിരുത്തേണ്ടതാണ്. കൂടാതെ പരിശീലനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളായ പരിശീലന ഹാൾ, മറ്റു അനുബന്ധ സൗകര്യങ്ങൾ, വിവിധ പരിശീലനം നൽകുന്നതിനുള്ള ഫാക്കൽറ്റി സജ്ജമാക്കൽ ( തദ്ദേശ സ്വയം ഭരണ സ്ഥാപനത്തലത്തിൽ ഫാക്കൽറ്റി പൂൾ ഉണ്ടാക്കാവുന്നതാണ്) കൂടാതെ ഈ പരിശീലനങ്ങൾ ക്രിയാത്മകമായി നടപ്പിലാക്കുന്നതിനുള്ള റിസോഴ്സ് പൂൾ എന്നിവ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തലത്തിൽ കണ്ടെത്തേണ്ടതും മറ്റു ക്രമീകരണങ്ങൾ നടത്തേണ്ടതും ആണ്. കൂടാതെ കുടുംബശ്രീ ഇതിനോടകം ആരംഭിച്ചിട്ടുള്ള കണ്ടക്റ്റ് ടു വർക്ക് സെന്ററിന്റെ സേവനം , വിജ്ഞാന കേരളം പദ്ധതിയിലൂടെ ആരംഭിച്ച ജോബ് സ്റ്റേഷനുകളുടെ സൗകര്യങ്ങൾ , റിസോർസ് പേഴ്സൺമാർ എന്നിവരുടെ സേവനങ്ങൾ പരിശീലനം നൽകുന്നതിനായി ഉപയോഗപ്പെടുത്താവുന്നതാണ്.

പരിശീലന പരിപാടിയുടെ മൊത്തം നടത്തിപ്പ് കുടുംബശ്രീ മിഷനും വിജ്ഞാനകേരളവും സംയുക്തമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.

**12. കാമ്പയിൻ ലക്ഷ്യം കൈവരിക്കുന്നതിനായി വിവിധ ഏജൻസികളുടെ ചുമതലകൾ**

**12.1 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ :** കാമ്പയിൻ പ്രവർത്തനങ്ങൾ തദ്ദേശ സ്വയം ഭരണ തലത്തിൽ നടപ്പിലാക്കുന്നതിനും, പ്രാദേശികമായി തൊഴിൽ ദായകരെ കണ്ടെത്തുന്നതിനും നേതൃത്വം നൽകേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്. കൂടാതെ ക്യാമ്പയിനാവശ്യമായ സാമൂഹിക പിന്തുണ നൽകുക, അടിസ്ഥാന സൗകര്യങ്ങൾ നൽകുക, നൈപുണ്യ പരിശീലനത്തിനാവശ്യമായ തുക പദ്ധതിയിൽ വകയിരുത്തുക എന്നിവ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലകളാണ്.

തദ്ദേശ സ്വയം ഭരണ തലത്തിൽ ശേഖരിച്ച തൊഴിൽ വിവരങ്ങൾ സോഫ്റ്റ് വെയറിൻറെ സഹായത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തലത്തിൽ മാപ്പ് ചെയ്ത് കഴിഞ്ഞാൽ, ആയതിലേക്ക് തൊഴിലന്വേഷകരെ സജ്ജമാക്കുന്നതിനുള്ള ഏറ്റവും ഹ്രസ്വമായ പരിശീലനം (ഒന്ന് മുതൽ പരമാവധി അഞ്ച് ദിവസം വരെയുള്ള പരിശീലനം) നൽകേണ്ടത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ ഒന്നിയിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംയുക്തമായോ ആണ് . ഇത്തരത്തിൽ ഒന്നിലതികം ഗ്രാമ പഞ്ചായത്തുകൾ സംയുക്തമായോ , ഗ്രാമപഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത് ജില്ലാ പഞ്ചായത്ത് എന്നിവക്ക് സംയുക്തമായോ തനിച്ചോ ഹ്രസ്വകാല പരിശീലനങ്ങൾ സംഘടിപ്പിക്കാവുന്നതാണ്.

**ഹ്രസ്വ കാല (ഒന്ന് മുതൽ പരമാവധി അഞ്ച് ദിവസം വരെയുള്ള പരിശീലനം) നൈപുണ്യ പരിശീലനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ താഴെ കൊടുത്ത പ്രകാരം തുക വകയിരുത്തേണ്ടതാണ്**

ഗ്രാമ പഞ്ചായത്തുകൾ – ചുരുങ്ങിയത് 5 ലക്ഷം രൂപ

ബ്ലോക്ക് പഞ്ചായത്തുകൾ – ചുരുങ്ങിയത് 5 ലക്ഷം രൂപ

ജില്ലാ പഞ്ചായത്തുകൾ – ചുരുങ്ങിയത് 15 ലക്ഷം രൂപ

മുനിസിപ്പാലിറ്റി – ചുരുങ്ങിയത് 10 ലക്ഷം രൂപ

കോർപ്പറേഷൻ – ചുരുങ്ങിയത് 15 ലക്ഷം രൂപ

**12.2 കുടുംബശ്രീ മിഷൻ :** പ്രസ്തുത പ്രവർത്തനത്തിനാവശ്യമായ പരിശീലനം നൽകുക, റിസോർസ് പൂൾ ഉണ്ടാക്കുക, വിവിധ പരിശീലന വിവര ശേഖരണ ഫോർമാറ്റുകൾ, കൈപ്പുസ്തകങ്ങൾ മറ്റു പരിശീലന സാമഗ്രികൾ വികസിപ്പിക്കുക എന്നിവ കുടുംബശ്രീ മിഷൻറെ ചുമതല ആയിരിക്കും. കൂടാതെ പ്രവർത്തനങ്ങളുടെ സംയോജനം വിലയിരുത്തൽ, പശ്ചാത്തലസൃഷ്ടി എന്നിവ കുടുംബശ്രീ മിഷൻ നൽകുന്നതായിരിക്കും.

തൊഴിൽ ചെയ്യാൻ താൽപര്യമുള്ളവരെ അയൽക്കൂട്ടതല സർവേയിലൂടെ കണ്ടെത്തുക, സ്ത്രീകളിൽ തൊഴിൽ ചെയ്യുന്നതിനുള്ള താത്പര്യം വർദ്ധിപ്പിക്കുക കൂടാതെ സ്ത്രീകളുടെ തൊഴിലുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾ കണ്ടെത്തുക എന്നിവ കുടുംബശ്രീയുടെ ചുമതലയാണ്. സ്ത്രീകളുടെ തൊഴിൽ സാദ്ധ്യതകൾ വർധിപ്പിക്കുന്നതിന് ആവശ്യമായ നൈപുണ്യ പരിശീലനം നൽകുക തൊഴിലന്വേഷകരെ തൊഴിൽ ദാതാക്കളുമായി ബന്ധിപ്പിച്ച് തൊഴിൽ ലഭ്യമാക്കുക തുടർ നടപടികൾ സ്വീകരിക്കുക എന്നിവയും കുടുംബശ്രീയുടെ ചുമതലകളാണ് . കൂടാതെ തദ്ദേശ സ്വയം ഭരണ തലത്തിൽ തൊഴിൽ ദാതാക്കളെ നേരിട്ടുകണ്ട് വേക്കൻസി ബാങ്ക് , ഓപ്പർച്യൂണിറ്റി ബാങ്ക് എന്നിവ തയ്യാറാക്കേണ്ടതും കുടുംബശ്രീയുടെ ചുമതലകളാണ്

**12.3 വിജ്ഞാന കേരളം :** വിജ്ഞാന കേരളം പ്രവർത്തനവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന റിസോർസ് പേഴ്സൺമാർ, മറ്റു സന്നദ്ധ പ്രവർത്തകർ എന്നിവയുടെ സേവനവും കുടുംബശ്രീ നേതൃത്വത്തിൽ നടക്കുന്ന ക്യാമ്പയിന് നൽകുന്നതാണ്. പദ്ധതിയുടെ ഭാഗമായി ആരംഭിച്ച ജോബ് സ്റ്റേഷൻ സേവനങ്ങൾ, ഫെസിലിറ്റേഷൻ സെൻറർ എന്നിവയുടെ സേവനങ്ങളും കുടുംബശ്രീ ക്യാമ്പയിനുവേണ്ടി പ്രയോജനപ്പെടുത്താവുന്നതാണ്.

**12.4 കെ- ഡിസ്ക് :** സ്ഥാപനങ്ങൾ നേരിട്ട് സന്ദർശിച്ച് തൊഴിൽ ലഭ്യത ചിട്ടയായി രേഖപ്പെടുത്തുന്നതിനും, ലഭ്യമായ തോഴിലുകൾ മേഖല അടിസ്ഥാനത്തിലും ഓരോ തൊഴിലും ലഭ്യമായ പ്രദേശത്തിന്റേയും അടിസ്ഥാനത്തിൽ മേപ്പ് ചെയ്യുന്നതിനും കൂടാതെ തൊഴിലന്വേഷകരുടെ വിവരങ്ങൾ അയൽക്കൂട്ട തലത്തിൽ ശേഖരിക്കുന്നതിനും , ക്രോഡീകരിക്കുന്നതിനും മൊബൈൽ ആപ് സംവിധാനത്തോട് കൂടിയ ഇ.ആർ.പി സോഫ്റ്റ് വെയർ കാമ്പയിനിൻറെ ഭാഗമായി തയ്യാറാക്കുന്നതിനുള്ള ചുമതല കെ-ഡിസ്കിനാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തലത്തിൽ തൊഴിലുകൾ മാപ്പ് ചെയ്തു കഴിഞ്ഞാൽ ഏറ്റവും ഹ്രസ്വമായ

പരിശീലനം (ഒന്ന് മുതൽ പരമാവധി അഞ്ചു ദിവസം വരെയുള്ള പരിശീലനം) ഒഴികെയുള്ള മുഴുവൻ ഹ്രസ്വ / ദീർഘ കാല പരിശീലനത്തിന്റെയും ചുമതലയും തുക വകയിരുത്തേണ്ടതും കെ–ഡിസ്ക് ആണ്. ആവശ്യമെങ്കിൽ മറ്റ് സാമാന നൈപുണ്യ വികസന പദ്ധതികളുമായി സംയോചിപ്പിച്ചും (ആസാപ്, കെ.എ.എസ്സ്.ഇ, ഡി.ഡി.യു.ജി.കെ.വൈ) പരിശീലനങ്ങൾ സംഘടിപ്പിക്കാവുന്നതാണ് . ഇത്തരം പദ്ധതി സംയോജനത്തിന്റെ ചുമതലയും ക–ഡിസ്കിനായിരിക്കും

**12.5 കുടുംബശ്രീ സി.ഡി.എസ് :** ഓരോ സി.ഡി.എസ് പരിധിയിലും ഉള്ള തൊഴിലവസരങ്ങൾ എംപ്ലോയർ സർവ്വേ വഴി കണ്ടെത്തുകയും ആയതിനെ തൊഴിലന്വേഷകരുമായി ബന്ധിപ്പിക്കുകയും ചെയ്യുന്നതിന് സി.ഡി.എസ് തലത്തിൽ പ്രവർത്തിക്കുക. മേൽ പ്രവർത്തനങ്ങൾ സി.ഡി.എസ് തലത്തിൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള റിസോഴ്സ് പൂൾ ഉണ്ടാക്കുക പ്രവർത്തനങ്ങൾ വിലയിരുത്തുക. കൂടാതെ സി.ഡി.എസ് തലത്തിൽ പ്ലേസ് മെന്റ് സെൽ ആരംഭിക്കുകയും പ്രവർത്തനങ്ങൾ കൃത്യമായി നടപ്പിലാക്കുകയും ചെയ്യുക. ഓരോ സി.ഡി.എസ് പരിധിയിലും ലഭ്യമായ മാനുഷിക വിഭവങ്ങളുടെ കണക്ക് മേഖല തിരിച്ച് സൂക്ഷിക്കുകയും ആവശ്യങ്ങൾക്കനുസരിച്ച സമയബന്ധിതമായി ലഭ്യമാക്കുകയും ചെയ്യുക.

**12.6 കുടുംബശ്രീ എ.ഡി.എസ്:** വാർഡുതല പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക , അയൽക്കൂട്ട തല വിവരശേഖരണത്തിൻറെ വാർഡുതല ക്രോഡീകരണം നടത്തുക, വാർഡുതലത്തിൽ വേക്കൻസി/ ഓപ്പർച്യൂണിറ്റി ബാങ്ക് തയ്യാറാക്കൽ നാളതീകരിക്കൽ എന്നിവയുടെ ചുമതല എ.ഡി.എസ് നിർവഹിക്കേണ്ടതാണ്.

**12.7 അയൽക്കൂട്ടം:** പദ്ധതിയുമായി ബന്ധപ്പെട്ട അയൽക്കൂട്ടത്തലത്തിൽ ചർച്ച ചെയ്ത് ഓരോ അയൽക്കൂട്ടത്തിലും നിലവിലെ ലഭ്യമായ വേതനധിഷ്ഠിത തൊഴിലിന്റെ സ്ഥിതി, അയൽക്കൂട്ട കുടുംബാംഗത്തിന്റേയും നൈപുണ്യത്തിന്റെ തോത്, നൈപുണ്യ പരിശീലനത്തിന്റെ ആവശ്യകത എന്നിവ നിശ്ചിത ഫോർമാറ്റിൽ രേഖപ്പെടുത്തി എ.ഡി.എസ് ന് കൈമാറേണ്ടതാണ്. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി വ്യാപകമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക, വാർഡുതലത്തിൽ സംഘടിപ്പിക്കുന്ന ക്ലാസുകളിൽ പങ്കാളിത്തം ഉറപ്പാക്കുക, അയൽക്കൂട്ടത്തിൽ തുടർ ചർച്ചകൾ സംഘടിപ്പിക്കുക, തെഴിലിനായി പോകുന്ന സ്ത്രീകൾക്ക് പ്രോത്സാഹനവും പിന്തുണയും നൽകുക.

**13. സംഘാടനം**

**13.1** വിജ്ഞാനകേരളം സംസ്ഥാന/ ജില്ലാ കൗൺസിൽ : 12.02.2025 തീയ്യതിയിലെ സ. ഉ (സാധാ) നം.445 /2025/ എൽ .എസ്സ് .ജി . ഡി ഉത്തരവ് പ്രകാരം വിജ്ഞാന കേരളം ജനകീയ ക്യാമ്പയിനിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന തലത്തിലും ജില്ലാത്തലത്തിലും കൗൺസിലുകൾ രൂപീകരിച്ചിട്ടുണ്ട് . ഇതേ കൌൺസിലുകൾ തന്നെ ആയിരിക്കും വിജ്ഞാനകേരളവുമായി ബന്ധപ്പെട്ട് കുടുംബശ്രീ നടപ്പിലാക്കുന്ന ക്യാമ്പയിന് വേണ്ട പിന്തുണാ സംവിധാനങ്ങൾ സംസ്ഥാന /ജില്ലാ തലങ്ങളിൽ ഏകോപിപ്പിക്കുന്നത്.

**13.2** 19.12.2024 തീയ്യതിയിലെ സ. ഉ (കൈ) നം.179 /2024 / എൽ .എസ്സ് .ജി . ഡി ഉത്തരവ് പ്രകാരം വിജ്ഞാനകേരളം പദ്ധതിയുടെ പ്രവർത്തന രൂപ രേഖയിലെ ഘടന പ്രകാരം ജില്ലാതല പി.എം.യു രൂപം നൽകണമെന്ന് പറഞ്ഞിട്ടുണ്ട്. പ്രസ്തുത പി.എം.യു വിജ്ഞാനകേരളവുമായി ബന്ധപ്പെട്ട് കുടുംബശ്രീ നടപ്പിലാക്കുന്ന ക്യാമ്പയിനുവേണ്ടി കുടുംബശ്രീ മിഷനിൽ തൊഴിൽ ക്യാമ്പയിനുവേണ്ടി രൂപീകരിക്കുന്ന ടീമും ഏകോപിപ്പിച്ച് പ്രവർത്തിക്കുക.

**13.3** 19.12.2024 തീയ്യതിയിലെ സ. ഉ (കൈ) നം.179 /2024 / എൽ .എസ്സ് .ജി . ഡി ഉത്തരവ് പ്രകാരം വിജ്ഞാനകേരളം പദ്ധതിയുടെ പ്രവർത്തന രൂപ രേഖയിലെ ഘടന പ്രകാരം എല്ലാ ബ്ലോക്കിലും മുനിസിപാലിറ്റികളിലും കോർപ്പറേഷനുകളിലും ജോബ് സ്റ്റേഷനുകൾ രൂപീകരിച്ചിട്ടുണ്ട് . ഇതേ ജോബ് സ്റ്റേഷനുകൾക്കു തന്നെയാണ് വിജ്ഞാനകേരളവുമായി ബന്ധപ്പെട്ട് കുടുംബശ്രീ നടപ്പിലാക്കുന്ന ക്യാമ്പയിൻ നടത്തിപ്പ് ചുമതല.

**13.4** 19.12.2024 തീയ്യതിയിലെ സ. ഉ (കൈ) നം.179 /2024 / എൽ .എസ്സ് .ജി . ഡി ഉത്തരവ് പ്രകാരം വിജ്ഞാനകേരളം പദ്ധതിയുടെ പ്രവർത്തന രൂപ രേഖയിലെ ഘടന പ്രകാരം എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ലോക്കൽ ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കണം എന്ന് പറഞ്ഞിട്ടുണ്ട് . വിജ്ഞാനകേരളം ലോക്കൽ ഫെസിലിറ്റേഷൻ സെന്ററുകൾ സി.ഡി.എസ് തല തൊഴിൽ കേന്ദ്രങ്ങളുമായും സി.ഡി.എസ് തലത് തൊഴിൽ വികസന സമിതി എന്നിവയുമായി സംയോജിച്ച് പൊതു താല്പര്യത്തെ മുൻനിർത്തി വേണം പ്രവർത്ഥിക്കാൻ.

**14. വിജ്ഞാനകേരളം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ നടപ്പിലാക്കുന്ന ക്യാമ്പയിൻ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനും ക്യാമ്പയിൻ ലക്ഷ്യങ്ങൾ**

**നേടിയെടുക്കുന്നതിനുമായി കുടുംബശ്രീ താഴെ പറയുന്ന യൂണിറ്റുകളെ / കമ്മിറ്റികളെ രൂപീകരിക്കുന്നതാണ്**

**14.1 സംസ്ഥാന തല ടാസ്ക് ഫോഴ്സ് :** ക്യാമ്പയിൻ പ്രവർത്തനങ്ങൾക്കുള്ള മാർഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും, ഏകോപിപ്പിക്കുന്നതിനും, പുരോഗതി വിലയിരുത്തുന്നതിനും എൽ.സ്.ജി.ഡി. സ്പെഷ്യൽ സെക്രട്ടറി ചെയർപേഴ്സണും, എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ കൺവീനറും മറ്റു തിരഞ്ഞെടുത്ത അംഗങ്ങളേയും ഉൾപ്പെടുത്തി സംസ്ഥാന തല ടാസ്ക് ഫോഴ്സ് രൂപീകരിക്കുന്നതാണ് ( ടാസ്ക് ഫോഴ്സിൻറെ ഘടന അംഗങ്ങളുടെ വിവരങ്ങൾ എന്നിവ പ്രത്യേക ഉത്തരവായി ഇറക്കുന്നതാണ്.)

**14.2 സംസ്ഥാനതല പ്രൊജക്റ്റ് ഇമ്പ്ളിമെന്റേഷൻ യൂണിറ്റ് :** സംസ്ഥാന തലത്തിൽ ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ നത്തിപ്പിനായി കുടുംബശ്രീ സംസ്ഥാന മിഷനിൽ എല്ലാ സ്കീമുകളിൽ നിന്നും പ്രാധിനിത്യം ഉറപ്പാക്കി ഒരു പ്രോജക്റ്റ് ഇമ്പ്ളിമെന്റേഷൻ യൂണിറ്റ് രൂപീകരിക്കും.(സംസ്ഥാനതല പ്രൊജക്റ്റ് മാനേജ്മൻറ് യൂണിറ്റിന്റെ ഘടന അംഗങ്ങളുടെ വിവരങ്ങൾ എന്നിവ പ്രത്യേക ഉത്തരവായി ഇറക്കുന്നതാണ്).

**14.3 ജില്ലാതല പ്രൊജക്റ്റ് ഇമ്പ്ളിമെന്റേഷൻ യൂണിറ്റ് :** ജില്ലാ തല ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ നടത്തിപ്പ് ചുമതലക്കായി ഒരു പ്രോജക്റ്റ് ഇമ്പ്ളിമെന്റേഷൻ യൂണിറ്റ് എല്ലാ സ്കീമുകളിൽ നിന്നും പ്രാധിനിത്യം ഉറപ്പാക്കി ജില്ലാ തലത്തിൽ രൂപീകരിക്കും (ഘടന അംഗങ്ങളുടെ വിവരങ്ങൾ എന്നിവ പ്രത്യേക ഉത്തരവായി ഇറക്കുന്നതാണ്).

**14.4 ബ്ലോക്ക് തല ടാസ്ക് ഫോഴ്സുകൾ:** കുടുംബശ്രീ ബ്ലോക്ക് കോർഡിനേറ്റർമാർ, മെന്റേഴ്സ്, മുൻ കുടുംബശ്രീ സി.ഡി.എസ് അംഗങ്ങൾ, എം.ഇ.സി. മാർ , കാസ് അംഗങ്ങൾ, പരിശീലനാഗ്രൂപ്പ് അംഗങ്ങൾ എന്നിവർ അംഗങ്ങളുമായി ബ്ലോക്ക് തല ടാസ്ക് ഫോഴ്സുകൾ രൂപീകരിക്കുന്നതും, പ്രസ്തുത ടീം ബ്ലോക്ക് തലജോബ് സ്റ്റേഷനുകളുമായി സംയോജിച്ച് പ്രവർത്തിക്കുന്നതും ആണ്.

**14.5 തദ്ദേശ സ്വയം ഭരണ തല ക്യാമ്പയിൻ വിലയിരുത്തൽ സമിതി:** തദ്ദേശ സ്വയം ഭരണ സ്ഥാപന അധ്യക്ഷൻ, സെക്രട്ടറി, വാർഡ് മെമ്പർമാർ / കൗണിസിലർമാർ, കുടുംബശ്രീ സി.ഡി.എസ് ഭാരവാഹികൾ ചുമതലയുള്ള കുടുംബശ്രീ ജില്ലാമിഷൻ അംഗം എന്നിവരെ ഉൾപ്പെടുത്തി തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിൽ ക്യാമ്പയിൻ വിലയിരുത്തൽ സമിതി രൂപീകരിക്കേണ്ടതും പ്രവർത്തനം ഏകോപിപ്പിക്കേണ്ടതും ആണ് .

15. പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ / പരിശീലനങ്ങൾ | സമയ പരിധി |
|---|---|---|
| 1 | കുടുംബശ്രീ സംസ്ഥാന മിഷനിലെ മുഴുവൻ വിഭാഗത്തിലേയും ടീമുകൾക്ക് വേണ്ടിയുള്ള പരിശീലനം | ജൂലായ് 7 |
| 2 | കുടുംബശ്രീ ജില്ലാമിഷനിലെ മുഴുവൻ വിഭാഗത്തിലേയും ടീമുകൾക്ക് വേണ്ടിയുള്ള പരിശീലനം | ജൂലായ് 10 ന് മുൻപ് |
| 2 | കുടുംബശ്രീ സി.ഡി.എസ്,ചെയർപേഴ്സൺമാർ, വൈസ് ചെയർപേഴ്സൺമാർ, മെമ്പർ സെക്രട്ടറിമാർ എന്നിവർക്കുള്ള ജില്ലാ തല പരിശീലനം | ജൂലായ് 15 ന് മുൻപ് |
| 3 | ഗ്രാമ പഞ്ചായത്ത് പ്രസിഡൻറ് , സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി ബ്ലോക്ക് ബ്ലോക്കുതല പരിശീലനം | ജൂലായ്3 ,4 ,5 |
| 4 | നഗരസഭാ ചെയർപേഴ്സൺ , കോർപറേഷൻ മേയർ കൂടാതെ വിവിധ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ / ചെയർപേഴ്സൺ എന്നിവരെ ഉൾപ്പെടുത്തി ജില്ലാതല പരിശീലനം | ജൂലായ്3 , 4 , 5 |
| 5 | കുടുംബശ്രീ വിവിധ പിന്തുണാ സംവിധാനം, ജില്ലാതല പരിശീലനം | ജൂലായ് 10 ന് മുൻപ് |
| 6 | വാർഡുതലത്തിൽ തൊഴിൽ ദാതാക്കളുടെ പക്കൽ ലഭ്യമായ തൊഴിൽ നേരിട്ട് സന്ദർശിച്ച് ശേഖരിക്കുന്ന സി.ഡി.എസ് ഭാരവാഹികൾ, | |

| | | |
|---|---|---|
| | എ.ഡി.എസ് ഭാരവാഹികൾ എന്നിവർക്കുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപന തലത്തിലുള്ള പരിശീലനം. | ജൂലായ് 15 മുതൽ 20 |
| 7 | എ.ഡി.എസ് സ്രെക്രട്ടറി, പ്രസിഡൻറ് എന്നിവർക്കുള്ള സി.ഡി.എസ് തല പരിശീലനം | ജൂലായ് 25 ന് അകം |
| 8 | അയൽക്കൂട്ട സ്രെക്രട്ടറി , പ്രസിഡൻറ് എന്നിവർക്കുള്ള എ.ഡി എസ് തല പരിശീലനം. | ജൂലായ് 30 ന് അകം |
| 9 | ക്യാമ്പയിൻ–കൈപ്പുസ്തകം: വികസിപ്പിക്കൽ | ജൂലായ് 10 ന് മുൻപ് |
| 10 | റിസോഴ്സ് പൂൾ രൂപീകരണം | ജൂൺ 25 ന് അകം |
| 11 | ദ്വിതീയ വിവരങ്ങളുടെ ശേഖരണവും സമാഹരണവും ഏകീകരണവും | ഓഗസ്റ്റ് 10 ന് അകം |
| 12 | അയൽക്കൂട്ട തല പ്രാഥമിക വിവര ശേഖരണം | ഓഗസ്റ്റ് 10 ന് അകം |
| 13 | സി ഡി എസ് തലത്തിൽ വാക്കൻസി ബാങ്ക് / ഓപ്പർച്യൂണിറ്റി ബാങ്ക് രൂപീകരിക്കൽ | ഓഗസ്റ്റ് 10 ന് അകം |
| 14 | 1 ലക്ഷം തൊഴിൽ ലഭ്യമാക്കിയതിന്റെ സംസ്ഥാനതല പ്രഖ്യാപനം | സെപ്റ്റംബർ 1 2025 |